
Thanha
Campus Drone







**ലിറ്റൽ കൈറ്റ്സ്**
**ഐ.ടി ക്ലബ്**
**നമ്പർ : LK/2018/48038**

# ***EDITORIAL***

**Chief editor: FARHA ABDUL AZEES. E**



Editors: Roshna Rincy. P
Risvana sherin. A
Hanan. T
Saranya. K.N
Nasha. N
Nijla. T
Fathima Sana.T
Fathima hudha. P
Binsiya. A
Vibha vinod



***Cover & Design***

***RISWANA SHERIN.A***
***&***
***HANAN. T***

## ഒരു നിമിഷം

ഗവ:ഹയർസെക്കണ്ടറി സ്കൂൾ പുല്ലങ്കോട്, മലയോര നാടിന്റെ പ്രതീക്ഷയും പ്രതീകവുമാണ്. ഒട്ടനവധി വിദ്യാർത്തികൾ പഠനം പൂർത്തിയാക്കിയ ഈ കലാക്ഷേത്രം ഇന്ന് നമ്മുടെ നാടിന്റെ തന്നെ അഭിമാനമാണ്.

ഈ അദ്ധ്യായന വർഷത്തിൽ പൂർത്തീകരിച്ച സമ്പൂർണ്ണ ഹൈടെക് വൽകൃത ക്ലാസ് മുറികളും അത്യാധുനിക സൗകര്യങ്ങളും നമ്മുടെ കലാലയത്തെ മറ്റു സ്ഥാപനങ്ങളിൽ നിന്നും വേറിട്ട് നിർത്തുന്നു.നൂതന സാങ്കേതികവിദ്യകൾ ലോകം കീഴടക്കി സർവ്വവും ഹൈടെക് വൽക്കരിച്ച് മുന്നേറുമ്പോൾ,നമ്മുടെ കൊച്ചു വിദ്യാർഥികളും ഈ സ്ഥാപനത്തിലെ ചരിത്രപരമായ മാറ്റത്തിന് തയ്യാറെടുക്കുന്നു... അതായത് ഒരു 'ഡിജിറ്റൽ മാഗസിൻ' പുറത്തിറക്കുന്നു..കലയുടെ പുതിയ മാനം കുറിക്കാൻ വരയും കുറിയും കഥയും പുത്തൻ രൂപത്തിൽ, ഭാവത്തിൽ കൊച്ചു മിടുക്കർ അണിയറയാൽ ഒരുക്കുന്നു. എല്ലാവിധ അത്യാധുനിക വിവരങ്ങളും കോർത്തിണക്കിയ ഈ ഡിജിറ്റൽ മാഗസിൻ ഒരു റഫറൻസ് ഗ്രന്ഥം തന്നെയാവും തീർച്ച.

## ***MESSAGE***

പ്രിയ വിദ്യാർഥികളെ ,

പുതിയൊരു തിരുത്തിയെഴുത്തിന്
നന്ദി ത്യാഗത്തിന്റെയും
ക്ലേശത്തിന്റെയും
പ്യൂപ്പയിൽനിന്നു
വിരിഞ്ഞ ശലഭമായ്
കുഞ്ഞുശലഭങ്ങൾക്കിടയിലെ വലിയ
ശലഭമായ്
പൂന്തേൻ നുണർന്നും
ഒരു പുതിയ വർണ്ണലോകത്തിന്റെ
രചനയ്ക്കായ്!
ആശംസകൾ!.....

എ.റ്റി ശശി[ഹെഡ്മാസ്റ്റർ]



## ***MESSAGE***


*Our daily life is being transformed into digital form very faly.Services,applications,examinations and book reading has became digital based. Even the public distribution system works on a digital platform now.*

*As education is the means of making better future for the individual and the society,it should also develop accordingly this digital magazine is a pace selling step in that direction. The members of the LITTLE KITES club of our school are flying ahead is set a model for the rest. I hope,in the coming days each and every learner in our school would become able to enjoy his or her role in such activities.*


*I wish every best to the fingers which try to make the digital world more comprehansible.*


*-Roy .M.Mathew*

*(senior teacher)*



# വിജയത്തിലേക്കുള്ള അഗ്നിച്ചിറകുകൾ




Vibha

## മൂന്ന് മത്സ്യങ്ങൾ

അൻഷിഫാഷഹാന.വി .6c

വളരെ കാലങ്ങൾക്ക് മുമ്പ് ഒരു തടാകത്തിൽ മൂന്ന് മത്സ്യങ്ങൾ ജീവിച്ചിരുന്നു. വളരെ സൗഹൃദത്തിലാണ് അവർ കഴിഞ്ഞ് പോന്നിരുന്നത്.മൂന്ന് പേരും വ്യത്യസ്ത സ്വഭാവക്കാരായിരുന്നു. ആദ്യത്തെ മത്സ്യത്തിന്റെ പേര് ഗോൾഡി എന്നും രണ്ടാമൻ വൈറ്റി എന്നും മൂന്നാമന്ബ്രൗണിയുമായിരുന്ന.ഗോൾഡിബുദ്ധിമാനായിരുന്നു..വൈറ്റിമനോബല മുള്ളവളുമായിരുന്നു. ബ്രൗണി ഉദാസീനനുമായിരുന്നു.

ഒരിക്കൽ രണ്ട് മീൻ പിടുത്തക്കാർ തമ്മിലുള്ള സംഭാഷണം ഗോൾഡ കേൾക്കുവാനിടയായി. ഒന്നാമൻ പറഞ്ഞു: "ഈ തടാകത്തിൽ ധാരാളംമീനുകളുണ്ട്. നാളെ വന്ന് നമുക്ക് പിടിക്കാം".രണ്ടാമൻ അത് ശെരി വെച്ചു. ഗോൾഡി ഈ വാർത്ത തന്റെ സുഹൃത്തുക്കളെ അറിയിച്ചു."നമുക്ക് രക്ഷപ്പെടാം സുഹൃത്തുക്കളെ" ഗോൾഡിയും വൈറ്റിയും രക്ഷപ്പെട്ടു.ബ്രൗണിയെയും വിളിച്ചു.പക്ഷെ അവൻ വന്നില്ല.അടുത്ത ദിവസം മീൻ പിടുത്തക്കാർ വന്ന് വല വിരിച്ചു. ബ്രൗണിയെയടക്കം ഒരുപാട് മീനുകളെ അവർ കൊണ്ടു പോയി.





# My Mom

Roshna Rincy.p 9F

No words can ever Say
How much I miss you ever day
As time goes by nobody know
I thing of you in silence and
I often remember your name ,

All I have are memories in frame
No one knows my sorrow,
No one sees my weep.
I never stopped loving you
And I'm sure I will never .
For you are in my heart and will
Be forever.



The things we feel deeply
Are often hard to say, that
I need you and miss you,
your little prince is waiting for you.
There is a place in my heart.
That no one can fill
I love you mom,I always will.

# ഞാനെന്തിന് കളിക്കണം .....?



**വിനോജ് പി സി** [*കായികാദ്ധ്യാപകൻ*]

കുഞ്ഞുന്നാളിൽ ഏതെങ്കിലും കളികളിലേർപ്പെടാത്തവർ ഉണ്ടോഎന്ന് സംശയമാണ്. ഉണ്ടാവില്ലെന്ന് കരുതാനാണെനിക്കിഷ്ടം.ഇന്നത്തെപ്പോലെ ക്രിക്കറ്റും, ഫുട്ബോളും, വോളിബോളും, ബാഡ്മിന്റണും ഒന്നുമല്ല...."കുട്ടിയും കോലും", "കോട്ടി കളി", "കിളിത്തട്ട് കളി"(പാസ് കളി), "തലപ്പന്ത് കളി", "ചട്ടിയേറ്"....ഈ കളികളൊക്ക ന്യൂജൻ മക്കൾക്കറിയോന്നറിയില്ല.



പുഴയിലെ "തൊട്ടുകളിയും", പിന്നീടുള്ള "സാറ്റ് കളി"യും എത്രമാത്രം സന്തോഷവും സൗഹൃദവുമാണ് തന്നതെന്ന് ഇന്നും എനിക്കറിയില്ല. "കുട്ടിയും കോലും" കളിച്ചപ്പോൾ അന്നറിഞ്ഞില്ലായിരുന്നു ശരീരത്തിന്റെ ഏകോപനമെന്ന കഴിവ് ഞങ്ങളിൽ വന്ന് ചേർന്നത്....

എതിരാളി നമുക്കെതിരെ എറിയുന്ന "കുട്ടി"യെ "കോലു"കൊണ്ട് സർവ്വശക്തിയുമെടുത്ത് അടിച്ചകറ്റുമ്പോൾ ഞങ്ങളുടെ കൈകൾക്ക് കരുത്തും അതിലൂടെ സൗഹൃദം വർദ്ധിച്ചതും ഞങ്ങൾ അന്നറിഞ്ഞില്ല.

ഇരുടീമുകളായി "ചട്ടിയേറ്"കളിച്ചതും, ദൂരെ നിന്ന് എറിഞ്ഞ് വീഴ്ത്തിയ ചട്ടിപ്പൊട്ടുകൾ എതിരാളിയുടെ ഏറ് ദേഹത്ത് കൊള്ളാതെ അടുക്കിവെച്ച് "ഗെയിം" വിളിക്കുമ്പോഴുണ്ടാകുന്ന ആവേശം.... ഒത്തൊരുമ, കാര്യങ്ങൾ

മുൻകൂട്ടി കാണാനുള്ള കഴിവ്, ശാരീരിക ക്ഷമത തുടങ്ങിയ ഗുണങ്ങളൊക്കെ ഞങ്ങളിൽ വന്നത്, അന്ന് ഞങ്ങളറിഞ്ഞിരുന്നില്ല.

പുഴയിൽ പോയി നീന്തിക്കളിക്കുന്നതിന് പ്രത്യേക സമയ പരിധിയില്ലായിരുന്നു. ശാരീരിക ക്ഷമത നിലനിർത്താൻ നീന്തലാണ് പ്രധാന വ്യായാമമെന്ന് ഇന്ന് എത്രപേർക്കറിയാം? നീന്തിക്കുളിക്കാൻ കുളങ്ങളും , തോടുകളും, പുഴകളും ഉള്ളത് കൊണ്ട് അന്നൊക്കെ ആശുപത്രികൾ വളരെ കുറവായിരുന്നു.

ചളിമണ്ണിലും പൊടിയിലും തങ്ങളുടെ മക്കൾ കളിക്കുന്നത് എന്ത്കൊണ്ടോ ഇന്നത്തെ അച്ഛനമ്മമാർക്ക് വലിയ കുറവായാണ് തോന്നുന്നത്... എന്നാലന്ന് കളിച്ചത് കൂട്ടുകാർക്കൊപ്പം ബാക്ടീരിയകളോടും, വൈറസ്സുകളോടും കൂടിയായിരുന്നു...ഇങ്ങനെ ചെയ്യാൽ കുഞ്ഞുങ്ങളിൽ രോഗപ്രതിരോധ ശേഷി വർദ്ധിക്കുമെന്ന് പഠനങ്ങൾ പിന്നീട് തെളിയിച്ചു.



മാനസികോല്ലാസത്തിനും, ഉൻമേഷത്തിനും മറ്റുള്ളവപോലെ തുല്ല്യ പരിഗണന കൊടുത്താൽ എന്താണ് പ്രശ്നം? കളികളിലൂടെയുള്ള വളർച്ച ഒരുത്തമവളർച്ചയല്ലേ? പ്രകൃതിയോട് ഇണങ്ങിചേർന്നുള്ള വളർച്ചതന്നെയാണ് ഉത്തമ വളർച്ച. മക്കളെല്ലാം കളിച്ച് വളരെട്ടെ! ആരോഗ്യമുള്ള നല്ല കായികസംസ്കാരമാവട്ടെ ഓരോരുത്തരുടേയും മുഖമുദ്ര. കളികളിലൂടെ വളർന്നാൽ നിങ്ങൾ ആരോഗ്യപ്രദമായ രീതിയിൽ സമയം ചെലവഴിക്കും, ആശുപത്രി സന്ദർശനം കുറയ്ക്കും, മാനസികോല്ലാസം കൈവരിക്കും, നല്ല മിത്രങ്ങളെ ലഭിക്കും, നല്ല ശീലങ്ങൾ പഠിക്കും. ഏത് പ്രശ്നങ്ങളേയും ആത്മവിശ്വാസത്തോടെ നിങ്ങൾക്ക് നേരിടാൻ സാധിക്കും.

നാളെ നിങ്ങൾ അദ്ധ്യാപകരോ, ഡോക്ടറോ, എഞ്ചിനീയറോ, ഡ്രൈവറോ, സമുഹത്തിൽ ഏത് തട്ടിലുളള ആളുമായ്ക്കൊള്ളട്ടെ...!നിങ്ങളൊരു കായികതാരം കൂടിയാവട്ടെ....! നല്ലൊരു ഡോക്ടർക്ക് നന്നായി പന്തുകളിക്കാൻകൂടി സാധിക്കട്ടെ....!

കളിയിൽ ജയമുണ്ട്, പരാജയമുണ്ട്, സമനിലയുണ്ട്...ജയിക്കാൻ പഠിക്കുന്നതോടൊപ്പം തോൽവിയെ രുചിക്കാനും നമുക്ക് പറ്റണം...തോൽവി പിന്നീട് വിജയത്തിലേക്കുള്ള ചവിട്ട് പലകയാണെന്നും ജീവിതം ഒരു മത്സരമാണെന്നും നാം കാണുക, അറിയുക. നല്ലൊരു കായിക സംസ്കാരം രാജ്യത്തിന്റെ അവകാശം കൂടിയാണെന്ന് നാം തിരിച്ചറിയുക..............

## കടംകഥകൾ



***THASNI .BV***
***6D***

1) *അകത്ത് തിരിതെറുത്തു പുറത്ത് മുട്ടയിട്ടു.*
*കുരുമുളക്*

2) *അകത്ത്പോയപ്പോൾ പച്ച, പുറത്ത് വന്നപ്പോൾ ചുവപ്പ്*
*വെറ്റില മുറുക്കുന്നത്*

3) *അകത്ത് രോമം പുറത്ത് ഇറച്ചി*
*മൂക്ക്*

4) *താനേ വന്നുതാനേ പോയി വന്നപ്പം ചൂട് പോയപ്പോളിരുട്ട്*
*സൂര്യൻ*

5) *കിട്ടുന്നതൊക്കെ തിന്നും തിന്നുന്നതൊക്കെ ദഹിക്കും തീ*

6) *തിന്നില്ല, കുടിക്കില്ല തല്ലാതെതൊട്ട് മിണ്ടുകയുമില്ല ചെണ്ട*

7) *കാലില്ലാത്തവൻ പുഴ നീന്തി കടക്കും പാമ്പ്*

8) *കാലൊന്നേയുള്ളു പക്ഷേ യാത്ര കുറേ നടത്തും കുട*

# MY SCHOOL

***FAYISA PP***
***9C***


My school name is G.H.S.S PULLANGODE. My school is a good school.Very much it has a lot of teachers. Who teach us love,compassion and knowledge. We have large High-Tech class rooms and big library our school has a good computer lab. We have big ground. Our school has school bus. Our school gives knowledge and also religious education too. We conduct variety of different programmes in our school.

My school HEAD MASTER:Mr Sasi sir. School Leader muhammed Asaf.
School principal Mrs  Ayishabi teacher. Our school is closely related to us also beloved. We always pray for our schools development and virture

**"I REALLY MISS MY SCHOOL DAYS "**

***THANK YOU***

**Thanha shoukath**
**10 A**



# കൃഷിചൊല്ലുകൾ


BY: FAYISA P.P
9C

- വിതച്ചതേ കൊയ്യൂ
- വിത്തുഗുണം പത്തുഗുണം
- നെല്ലറ പൊന്നറ
- പറിച്ചുനട്ടാലെ കരുത്തുകൂട്ടൂ
- നെല്ലിൽ പെയ്യുന്ന മഴ പുല്ലിലും പെയ്യും
- ഒന്നു ചീഞ്ഞാൽ മറ്റൊന്നിന് വളം
- കാലത്തെ വിതച്ചാൽ നേരത്തെ കൊയ്യാ
- കുംഭത്തിൽ നട്ടാൽ കുടത്തോളം മീനത്തിൽ നട്ടാൽ എങ്ങണ്ണിനോളം മാത്രം
- ചക്കേം മാങ്ങേം ആറുമാസം അങ്ങനേമിങ്ങനേം ആറുമാസം
- വേണമെങ്കിൽ ചക്ക വേരിലും കായ്ക്കും
- എല്ലുമുറിയെ പണിതാൽ പല്ലുമുറിയെ തിന്നാം
- കർക്കിടകത്തിൽ പത്തില
- അടുത്ത് നട്ടാൽ അകലത്തിൽ നട്ടാൽ വിളവ്
- കാഞ്ഞവിത്തിന് ചേതമില്ല
- മകരക്കാറിലെ തണ്ണീര് മാനവന്മാരുടെ കണ്ണീര്
- മകരത്തിൽ മഴ പെയ്താൽ മലയോളം മുടിയും

## ബഷീറിന്റെ പ്രധാനകൃതികൾ

*Nafeesathul Misriya. T*
*9c*

*പാത്തുമ്മയുടെ ആട്
*ന്റുപ്പുപ്പാക്കൊരാനേണ്ടാർന്ന്
*ആനവാരിയും പൊൻകുരിശും
*സ്ഥലത്തെ പ്രധാന ദിവ്യൻ
*ആനപ്പൂട
*മതിലുകൾ
*ശബ്ദങ്ങൾ
*അനർഘ നിമിഷം
*ജന്മദിനങ്ങൾ



# രാജകുമാരന്റെകഥ

Fathima Hudha

9F

ഇംഗ്ലണ്ടിലെ ഒരു ഗ്രാമത്തിൽ  ഒരു ദമ്പതിമാർ താമസി താമസിച്ചിരുന്നു. അവരുടെ ജീവിതം സന്തോകരമായിരുന്നു പക്ഷേ അവർക്ക് സ്വന്തമായി ഒരു കുഞ്ഞില്ലായിരുന്നു. അതിൽ അവർ വളരെ ദുഃഖിച്ചു.ഒരു ദിവസം അവർ വിറകു ശേഖരിക്കാൻ കാട്ടിലേക്കു പോയി. വിറക്കു കൊത്തുന്നതിനിടയിൽ ഒരു കുഞ്ഞിന്റെ കരയുന്ന ശബ്ദം കേട്ടു. അവർ അവിടേക്ക് ഓടിപ്പോയി ആകുഞ്ഞിനെവാരിയെടുത്തു.ഒരു കുഞ്ഞില്ലാത്തതിന്റെ സങ്കടത്താൽ ആകുഞ്ഞിനെ അവർ സ്വന്തമാക്കി. അവർ സന്തോഷത്തോടെ വീട്ടിലേക്കു പോയി. അവർ ഈ വിവരം രാജാവിനെ അറിയിച്ചു. അവിടെ ഉണ്ടായിരുന്ന മന്ത്രിമാർ രാജാവിനോട് പറഞ്ഞു: "പ്രഭു... ഈ കുഞ്ഞു വലുതായാൽ അങ്ങയുടെ മകളെ വിവാഹം ചെയ്തു കൊടുക്കണം". ഈ തീരുമാനം രാജാവ് സ്വീകരുച്ചു. പക്ഷേ ഒരു നിബന്ധനം,ആ കുഞ്ഞിനെ നിങ്ങൾ ഉപേക്ഷിക്കണം. അവർ സങ്കടത്തോടെ ആ കുഞ്ഞിനെ ഒരു കാളവണ്ടയിൽ വെച്ചു. അവർ സങ്കടത്തോടെ മടങ്ങി. അന്നു രാത്രി അവർ ആ കുഞ്ഞിനെയോർത്തു ദുഃഖിച്ചു. കുറേ കൊല്ലങ്ങൾക്കു ശേഷം ആ കുഞ്ഞ് വലുതായി ഒുരു യുവാവായി. അങ്ങനെ രാജകൊട്ടാരത്തിൽ ഒരു അറിയിപ്പു വന്നു. വർഷങ്ങൾക്കു ശേഷം രാജക്കൊട്ടാരത്തിൽ ചർച്ച ചെയ്യപ്പെട്ട കുഞ്ഞ് വലുതായി യുവാലായിയെന്ന് രാജക്കൊട്ടാരമറിഞ്ഞു. അത് താമസിക്കാതെ രാജാവിന്റെഅടുത്തുമെത്തി.രാജാവിന് അയാളുടെ മകളെ വിവാഹം ചെയ്തുകൊക്കാൻ ഇഷ്ട്ടമില്ലായിരുന്നു.   കുറെ ദിവസങ്ങൾക്ക് ശേഷം...



# വേണുഗാനം



ISNA .M.K

9F

മെല്ലെന്നിറങ്ങി മരങ്ങളിൽ നിന്നങ്ങു
പല്ലവമാണ്ടു ത പാലെ നിശന്നള്ളോരാലിൽ
കോലക്കുഴലുമായ്  ചെന്നുടനേ
മേളത്തിൽപ്പാടിനാൽ കോലക്കുഴൽ
തന്നെ താളത്തിൽ ചേർത്തു വിളിച്ചാൽ പിന്നെ
രാഗങ്ങൾഓരോന്നേ ഗോകുല നായകൻ
മേളം കലർന്നങ്ങു പാടുന്നേരം
വൃന്ദാവനന്തനിലുള്ളൊരു ജീവികൾ
നന്ദിച്ചു നിന്നുതേ മന്ദം മന്ദം
ഷട്പതമാലകളദ്ഭുതമായൊരു
പുഷപരസത്തെ വെടിഞ്ഞുടനെ
ഗാനമായ് മേവിന തേനേകുടിപ്പാ-
നായ് ആനന്ദം തങ്കലേചെന്നു പൂക്കള
മഞ്ചിതമായൊരു പാട്ടുകേട്ടു
ഉദ്ധവർമാനസമെന്ന കണക്കെനി
ന്നത്ഭുതമായി ചമഞ്ഞുതപ്പോൾ
വേഗത്തിൽ പോകുന്ന കാളിന്ദിതാ-
നങ്ങു രംഗത്തെകേട്ടൊരു നേരത്ത-
പ്പോൾ ഏറിനവീചികൾ ജാലങ്കന്നുട
നേത്തുമനങ്ങാതെ നിന്നുപോയി
കരങ്ങളാലൊന്നു തിണ്ണം കലമ്പിച്ചു
കണ്ണൻകുഴൽക്കു കൊടുത്തു ചെമ്മേ
വായ് കൊണ്ട പുല്ലെല്ലാം പാനിചവച്ചങ്ങു
വായ്ക്കുന്ന ബാഷ്പമൊഴുക്കിനിന്നു
മുല്ല തുടങ്ങിന വല്ലികളോരോന്നേ
വല്ല വീവല്ലഭൻ പാടുന്നേരംമ്മുമ്പിൽചെന്നു

# NATURE

We live on the most beautiful planet, Earth which has very clean and attractive nature full of greenary. Nature is our best friend which provides us all the resources to live here. It gives us water to drink, pure air to breathe, food to eat, land to stay, animals, plants for our other uses etc....,for our betterment. We should fully enjoy the nature without disturbing its ecological balance. We should



care our nature, make it peaceful, keep it clean and prevent from the destruction so that we can enjoy our nature forever. Nature is a more precious gift given by the god to us to enjoy but not to harm.

**Sneha sasi**

**7D**

# ഗാന്ധിജി

വിശ്വാസങ്ങൾ ചിന്തകളാകുന്നു.ചിന്തകളുംവാക്കുകളും പ്രവർത്തനങ്ങളാകുന്നു.പ്രവ്ത്തികൾ മൂല്യങ്ങളാക്കുന്നു. ഈ മൂല്യങ്ങളാണ് നമ്മുടെ വിധി നിശ്ചയിക്കുന്നു.സ്വന്തം ജീവിതത്തിലൂടെ ഇക്കാര്യം ലോകത്തെ പഠിപ്പിച്ച ഇന്ത്യൻ രാഷ്ട്രപാപിതാവ് മഹ്ത്മാ ഗാന്ധിയെ കുറിച്ചാണ്.


കരം ചന്ദ് ഗാന്ധിയുടേയും പുത്തിലിബായിയുടേയും മകനായി 1869 ഒകാടോബർ രണ്ടിന് ഗജറാത്തിലെ പോർബന്തറിൽ ജനിച്ചു.മോഹൻദാസ് കരം ചന്ദ് ഗാന്ധി എന്നാണ് മുഴുവൻ പേര്.ഇന്ത്യക്ക് പുറമെ 1888 മുതൽ 1891 വരെ ലണ്ടനിൽ നിയമപഠനം നടത്തി.1893 ൽ അഭിഭാഷക ജോലിക്കായി ദക്ഷിണാഫ്രിക്കയിലേക്ക് പോയി.1915 ൽ ദക്ഷിണാഫ്രിക്കയിൽ നിന്ന് എന്നന്നേക്കുമായി ഇന്ത്യയിൽ തിരിച്ചെത്തി.ഇതേ വർഷം തന്നെയാണ് ഗുജറാത്തിൽ സബർമതി ആശ്രമം സ്ഥാപിച്ചത്. ദേശീയ പ്രസ്ഥാനത്തിൽ ചേരുകയും ഇന്ത്യൻ സ്വാതന്ത്ര്യസമരത്തിന്റെ നേതൃത്വ പദവി ഏറ്റടുക്കുകയും ചെയ്തു.

അക്രമരഹിത മാർഗത്തിലൂടെ സമാധാനം സ്ഥാപിക്കുന്നതിന് ലോകത്തിന് മാതൃകയാവാൻ ഗാന്ധി നിലകൊണ്ടു.അക്രമവും അരാജകത്വവും കൊടി കുത്തി വാഴുന്ന സമകാലിക അവസ്ഥയിൽ ഗാന്ധിയുടെ ജീവിതത്തിന്റെ പ്രാധാന്യം പറയേണ്ടതില്ലല്ലോ. ഗാന്ധിയുംഅദ്ദേഹത്തിന്റെ സഹന സമര മാർഗങ്ങളും എക്കാലത്തും മാതൃകയാണ്. ബാപ്പുജി എന്നു നാം സ്നേഹത്തോടെ വിലിക്കുന്ന മഹാത്മാഗാന്ധി ഇന്ത്യൻ സ്വതന്ത്ര സമരപ്രസ്ഥാനത്തിന്റെ നേതാവും വഴിക്കാട്ടിയുമായിരുന്നു.

ഗാന്ധിയൻ ആദർശങ്ങൾ അറിയുന്നതിനും ആദർശങ്ങൾ പ്രചരിക്കുന്നതിനും ലോകം ഇന്ന് കൂടുതൽ പ്രാധാധ്യം നൽകുന്നു.സ്വന്തം ജീവിതം തന്നെ സന്ദേശമാക്കി മാറ്റിയ ആ മഹാനാഭവന്റെ പാവന സ്മരണകൾ പുതുക്കിയാണ് ഓരോ ഗാന്ധിജയന്തി ദിനവും കടന്നു വരുന്നത്. സ്വന്തം ഇച്ഛാശക്തി കൊണ്ടും കർമ്മ കുശലത കൊണ്ടും ഒരു രാഷ്ട്രത്തെ മുഴുവൻ സ്നേഹവും ഏറ്റു വാങ്ങിക്കൊണ്ട് ആ മഹാൻ ഇരുട്ടിൽ നിന്നും സ്വാതന്ത്ര്യത്തിന്റെ തേജസ്സിലേക്കാണ് നമ്മെ നയിച്ചത്. സ്വന്തം ചിന്തകളും വാക്കുകളും പ്രവർത്തിയും ഒരേ നൂലിൽ കോർത്ത് അവയെ പ്രായോഗിക ജീവിതത്തിലൂടെ തെളിയിപ്പിച്ചു തന്ന വ്യക്തി ആയിരുന്ന നമ്മുടെ രാഷ്ട്രപിതാവ്.

1948 ജനവരി വൈകുന്നേരം ഇന്ത്യക്കാർക്കെല്ലാം നഷ്ടത്തിന്റേതായിരുന്നു ഈ നിമിഷം.ഡൽഹിയിലെ ബിർളാ മന്ദിരത്തിൽ പ്രാർത്ഥനായോഗത്തിൽ പങ്കെടുക്കവെ ഹിന്ദു മഹാസഭാ പ്രവർത്തകനായ നാഥൂറാം വിനായക് ഗോഡ്സേ അദ്ദേഹത്തെ വെടിവെച്ചു കൊന്നു.രാജ്യത്തിനു വേണ്ടി ജീവിതം നീക്കിവെച്ച മഹാത്മാഗാന്ധിജിയുടെ ഭൗതിക ശരീരം രാജ്ഘട്ടിൽ സംസ്കരിച്ചു.

**Fayisa.P.P**
*9D*



## പഴഞ്ചൊല്ലുകൾ

- പട്ടികരച്ചാൽ പടി തുറക്കുമോ
- പട്ടും വളയും പണിക്കാർക്ക്,വെട്ടും കുത്തും
  പലിശക്കുംററ
- പണം കൊടുത്തുകാളയെ വാങ്ങുമ്പോൾ, പൊന്നു
  കൊടുത്തു ചെക്കനെ വാങ്ങണം
- പയ്യെതിന്നാൽ പനയും തിന്നാം
- പരുന്തിനെക്കണ്ട് പാമ്പുപ്പോലെ
- പലതുള്ളി പെരുവെള്ളം
- അങ്ങാടിയിൽതോറ്റാൽ അമ്മക്കു കുറ്റം
- അട്ടയെ പിടിച്ച് മെത്തയിൽ കിടത്തിയാൽ
  കിടക്കുമോ
- അധികം പറയുന്നവൻ കളവും പറയും
- അച്ഛൻ ആനപ്പുറത്ത് കയറിയാൽ മകന്
  തഴമ്പുണ്ടാകുമോ
- അടിത്തെറ്റിയാളൽ ആനയും വീഴും
- അണ്ണാൻ കുഞ്ഞിനും തന്നാലായത്



**BY: Nidha Fathima *6A***


Alisha C J

## മഴ ചൊല്ലുകൾ

- മഴയില്ലേൽ പുഴയുമില്ല.
- മഴയില്ലെങ്കിൽ വഴി പെരുവഴി.
- കാലത്തു വന്ന മഴയും, അന്തിക്ക വന്ന    വിരുന്നും.
- ആയിരം വേനലിന് അരമഴ.
- പെയ്തു കൊടുക്കും കൊയ്തു കൊടുക്കും.
- മഴ താഴോട്ടില്ലേൽ, പുഴ കീഴോട്ട്.
- മേലാറു കനിഞ്ഞാലേ കീഴാറു കവിയൂ.
- ചോതി വർഷിച്ചാൽ ചോറോട് ചോറ്.
- തെക്കോട്ടടിച്ച മഴ തിരിച്ചില്ല.
- കന്നിമഴയിൽ കുന്നോളം.
- മകയിരത്തിൽ മതിമറന്നു മഴ.
- ധനുമഴ വന്നാൽ തട്ടുതല പോക്ക്.
- മഴയ്ക്കു ഉഴ വേണ്ട, ഉഴയ്ക്കു മഴ വേണം.
- പെരുമഴ പെരുമ്പറ കൊട്ടി.
- കാർത്തിക കഴിഞ്ഞാൽ കുട വേണ്ട.
- മഴയ്ക്കു നേരെ വാ നേരം പോ.
- പനി പെയ്താൽ മഴയില്ല പഴമിരുന്നാൽ പൂവില്ല.
- ഇടവത്തിൽ പാതി വർഷം.
- മീനത്തിൽ മഴയ്ക്കു മീനിനും ഇരയില്ല.

***By***
***Shaba.T***

***6D***


# മരം

മഴപെയ്തു പുഴനിറഞ്ഞു
പുഴയൊഴുകി കരനനഞ്ഞു
നനഞ്ഞമണ്ണിൽ മരം മുളച്ചു
മരം വളർന്നു തണൽ പരന്നു

പൂവിരിഞ്ഞ ചില്ലകളിൽ
കായ്നിറഞ്ഞു ഇലമറിഞ്ഞു
കായ് തിന്നാൻ കിളിവന്നു
കുളിരായി ചെറു കാറ്റും

മരത്തണലിൽ കളിയാടാൻ
ഉണ്ണികളും വന്നെത്തി
മരം തന്നെ വരമെന്ന്
അവരറിഞ്ഞു തൈ നട്ടു .'





## ഗാന്ധിജിയുടെ ജീവിതം

മോഹൻദാസ് കരംചന്ദ് ഗാന്ധി 1869 ഒക്ടോബർ 2 ന് ഗുജറാത്തിലെ പോർബന്തറിൽ ജനിച്ചു. അഹിംസയിലും അക്രമ അധിഷ്ഠിതമായ സത്യാഗ്രഹമെന്ന സമരമുറ ആവിഷ്കരിച്ച ഗാന്ധി ബ്രിട്ടീഷ് ഭരണകൂടത്തിന്റെ അടിത്തറ ഇളക്കി. 1891 ലായിരുന്നു ഗാന്ധി ബ്രിട്ടനിൽ നിന്ന് വക്കീൽ പരീക്ഷ പാസ്സായി പ്രാക്ടീസ് തുടങ്ങയത്. പിന്നീട് ഇന്ത്യയിൽ വന്ന ശേഷം ദക്ഷിണാഫ്രിക്കയിലേക്ക് പോറുകയായിരുന്നു ഗാന്ധി ഭക്ഷിണാഫ്രിക്കയിൽ വക്കീലായി പ്രാക്ടീസ് ചെയ്യുന്ന സമയത്തണ് അമിടത്തെ താമസക്കാരായ ഇന്ത്യക്കാർ പൗരാവകാശങ്ങൾക്കായി സമരം ചെയ്യുന്നത്. ഈ സന്ദർഭത്തിലാണ് ഗാന്ധി ആദ്യമായി നിയമലംഘന പ്രസ്ഥാനം പ്രയോഗത്തിൽ വരുത്തിയത്. ഇന്ത്യയിൽ 1920 കളിൽ ഗാന്ധി സജീവ രാഷ്ട്രീയത്തിൽ നിന്നും മിട്ടുനിന്നും.ഹോം റൂൾ പ്രസ്ഥാനത്തിന്റ അമരക്കാരനായിരുന്നു. 1920 ഓടെ സത്യാഗ്രഹസമരമുറ ഒരു സ്വാധീന ശക്തിയായി മാറിയിരുന്നു. 1922 മുതൽ1924 വരെ ബ്രിട്ടീഷ് ഗവൺമെന്റന്റെ തടവുകാരനായിരുന്നുഗാന്ധി. കുട്ടിക്കാലം മുതൽതന്നെ നല്ല വായനക്കാരനായിരുന്നു ഗാന്ധി. ഹരിശ്ചന്ദ്രന്റെ സത്യസന്ധതയുടെ കഥ ഗാന്ധിയിൽ വലിയ സ്വാധീനം ചെലുത്തി.

പണ്ഡിറ്റ് ജവഹാർലാൽ നെഹ്റുവും ഗാന്ധിയും ബോംബയിൽ നടന്ന ആൾ ഇന്ത്യ കോൺഗ്രസ് സമ്മേളനത്തിൽ (1942 ആഗസ്റ്റ് 8)'ക്വിറ്റ്

ഇന്ത്യ´പ്രമേയം പാസ്സാക്കി. ബ്രിട്ടീഷുകാരോട് ഇന്ത്യ വിട്ടുപോകാൻ ആവശ്യപ്പെട്ടു. ഗാന്ധിയുൾപ്പെടെയുള്ള കോൺഗ്രസ്സ് നേതാക്കൾ തടവിലാക്കപ്പെട്ടു.

ഇതിനൊക്കെ മുമ്പ് 1930 ഏപ്രിൽ നടന്ന ദണ്ഡിയാത്രയും ഉപ്പ സത്യാഗ്രഹവും ചരിത്ര പ്രസിദ്ധമാണ്. 24 ദിവസം കൊണ്ട് 241 മൈൽ നടന്ന് ദണ്ഡികടപ്പുറത്തെത്തി.ഉപ്പ നിയമം ലംഘിച്ച് ഗാന്ധിയും കൂട്ടരും ഉപ്പുണ്ടാക്കി. ഇത് സ്വാതന്ത്ര ചരിത്രത്തിലെ ഉജ്ജ്വല മുഹൂർത്തമായിരുന്നു.

ഗാന്ധിജിയുടെ നേതൃത്വത്തിൽ ദീർഘകാലം ഇന്ത്യ നടത്തിയ ,സ്വാതന്ത്ര സമരം ഒടുവിൽ വിജയം കണ്ടു. 1947 ആഗസ്റ്റ് 14 അർദ്ധരാത്രി ഭാരതം സ്വതന്ത്രമായി.

ജവഹർലാൽ നെഹ്റുവിന്റെ നേതൃത്വത്തിൽ സ്വതന്ത്ര ഭാരതത്തിൽ ആദ്യ ജനാ-ധിപത്യഭരണകൂടം സ്ഥാപിതമായി.1948 ജനുവരി 30 ന് മതഭ്രാന്തനായ നാഥുറാം മിനായക ഗോഡ്സെയുടെ വെടിയേറ്റ് ആ വിലപ്പെട്ട ജീവൻ പൊലിഞ്ഞു.



**BY: HANA. CK**
**9F**



## എന്റെ



## ജീവിതത്തോണി

എന്റെ ചിന്തകൾ
കുഞ്ഞിച്ചിറകുകൾ വീശി
ഏതുയരം വരെ പറക്കുന്നുവോ
അവിടെവരെയാണെന്റെ ആകാശം

എന്റെ സ്വപ്നങ്ങൾ തെളിച്ച വഴിയേ
എത്ര ദൂരം വരെ
പാദങ്ങൾ നടന്നെത്തുന്നുവോ
അതുവരെയാണെന്റെ സാമ്രാജ്യം

കാലപ്രവാഹത്തിന്റെ പച്ചിലച്ചാർത്തിൽ
നിന്നിറ്റുവീഴുന്ന മഞ്ഞു തുള്ളിയായി
സ്നേഹമോന്നിലെത്ര ആഴത്തിൽ മിറഞ്ഞൊ-
ഴുകി പരക്കുന്നുവോ അതാണെന്റെ കടൽ

കിനാവുകൾ ചേക്കേറിയ ഹൃദയാകാശത്തിൽ
പ്രതീക്ഷയാം നിലം വെളിച്ചത്തിൽ
മോഹപ്പൂക്കൾ വഴിയേ,കാലമാം കടലിൽ
ഞാനെന്റെ ജീവിതത്തോണി തുഴയുന്നു

BY: Fathima Sana 9F

## പഴഞ്ചൊല്ലുകൾ

- ഒരു വെടിക്ക് രണ്ടു പക്ഷി
- വിതച്ചതേ കൊയ്യൂ
- കുരക്കും പട്ടി കടിക്കില്ല
- വരവറിഞ്ഞേ ചെലവ് ചെയ്യാവൂ
- എല്ലു മുറിയെ പണി ചെയ്താൽ പല്ലു മുറിയെ തിന്നാം
- വയലിൽ വിളഞ്ഞാലേ വയറ്റിൽ പോവൂ
- വായിച്ചാൽ വളരും വായിച്ചില്ലേൽ വളയും
- ആനവായിലമ്പഴങ്ങ
- മത്തൻ കുത്തിയാൽ കുമ്പളം മുളക്കില്ല
- പത്തായം പെറും ചക്കികുത്തും, അമ്മവെക്കും, ഉണ്ണി ഉണ്ണും


BY: Amna.A
*6D*

# കഥ

പണ്ടു പണ്ട് ഒരു കുളത്തിൽ ധാരാളം തവളകൾ താമസിച്ചിരുന്നു. ഒരു ദിവസം കുറച്ചു തവളക്കുഞ്ഞങ്ങൾ കുളത്തിനരികെ കളിച്ചു കൊണ്ടിരിക്കുകയായിരുന്നു. അപ്പോൾ അതുവഴി ഒരു തടിച്ചു കൊഴുത്ത കാള വന്ന് വെള്ളം കുടിച്ച് വലിയ ശബ്ദത്തിൽ മുക്രയിട്ടു. തവള കുഞ്ഞുങ്ങൾ ഇത്തരത്തിലുള്ള ശബ്ദം ആദ്യമായിട്ടാണ് കേൾക്കുന്നത്. അവർ പേടിച്ച്മുത്തശ്ശിത്തവളയുടെ അടുത്തേക്ക്ഓടിച്ചെന്നു.കിതച്ചു കൊണ്ട് അവർ വിവരമെല്ലാം പറഞ്ഞു.മുത്തശ്ശിയെക്കാക്കാൾ വലിയ ശരീരം കാളക്കുണ്ടായിരുന്നു എന്ന് പറഞ്ഞത് മുത്തശ്ശി തവളയ്ക്ക് ഇഷ്ട്പ്പെട്ടില്ല.സ്വന്തം വയർവീർപ്പിച്ച് കാളയുടെ അത്രയ്ക്കുണ്ട് താനും എന്ന് പേരക്കുട്ടികൾ പറയണമെന്ന് മുത്തശ്ശി തവള ആഗ്രഹിച്ചു പക്ഷേ ,എത്ര വീർപ്പിച്ചിട്ടും അതിലും വലുതാണ്കാള എന്നുതന്നെയായിരുന്നു എന്നാണ് തവളകുഞ്ഞുങ്ങൾ പറഞ്ഞത് പിന്നെയും വയറു വീർപ്പിച്ച് കൊണ്ടിരുന്ന മുത്തശ്ശി തവള അവസാനം വയർ ബലൂൺ പൊട്ടുന്ന പോലെ പെട്ടി ചത്തു വീണു. മറ്റുള്ളവർ ചെയ്യുന്നത് പോലെല്ലാം ചെയ്യാൻ ശ്രമിച്ചാൽ മുത്തശ്ശി തവളയുടെ ഗതിയായിരിക്കും ഫലം.ആന ചെയ്യുന്നത് പേലെല്ലാം ആടിന് ചെയ്യാനാകില്ല എന്ന് ഓർക്കുക....

*BINSHIYA P.M 6-D*






# മറന്നീടല്ലേ....

ഓ...തിത്തിത്താരാ തിത്തിത്തെയ്
തിത്തെയ് തക തെയ് തെയ് തോം
മാനും മീനും പൈക്കിടാവും
പാട്ടു പാടും പൂങ്കുയിലും
പുല്ലും നെല്ലും പുലർന്നീടാൻ
തെളിനീർ വേണം
ഓ...തിത്തിത്താരാ തിത്തിത്തെയ്
തിത്തെയ് തക തെയ് തെയ് തോം
മഴവെള്ളം നിറഞ്ഞീടും
കുളം പുഴ ചോലയെല്ലാം
ശുചിയാക്കി എന്നുമെന്നും സൂക്ഷിച്ചീടേണം
ഓ...തിത്തിത്താരാ തിത്തിത്തെയ്
തിത്തെയ് തക തെയ് തെയ് തോം.


റിസ്‌വാന ഷെറിൻ
*9–f*



# കുതിരയും
# കഴുതയും

**കഥ**

ഒരു ഗ്രാമത്തിൽ ഒരു അലക്കുകാരൻ ഉണ്ടായിരിന്നു. അയാൾക്ക് സഹായത്തിനായി ഒരു കുതിരയും കഴുതയും അദ്ദേഹം വളർത്തിയിരിന്നു. അങ്ങനെ ഒരു ദിവസം അയാൾ രണ്ടിനെയും കൊണ്ട് തെരുവിലൂടെ പോകുകയായിരുന്നു. അന്ന് അതി ശക്തമായ വയിലായിരുന്നു. കഴുതയുടെ മുതുകിൽ ഭാരമുള്ള ഒരു വിഴിപ്പു ഭാണ്ഡം ഉണ്ടായിരുന്നു. എന്നാൽ കുതിര പുറത്ത് ഒന്നും തന്നെ ഉണ്ടായിരുന്നില്ല. കഴുതക്ക് ആ ഭാണ്ഡം ചുമന്ന് നടക്കാൻ കഴില്ലായിരുന്നു. അത് കതിരയോട് പറഞ്ഞു: ക്കുട്ടുകാരാ ഈ ഭാണ്ഡം ചുമന്ന് കൊണ്ട് നടക്കാൻ വയ്യ . ഭാണ്ഡത്തിൽ പകുതി നിന്റെ മുതുകിൽ ഏറ്റാമോ? എന്ന് ചോദിച്ചു. കുരിര പറഞ്ഞു : മടിയൻ കഴുതെ ഞങ്ങൾ സവാരി കുതിരകളാണ്. ഭാണ്ഡം ചമക്കുന്നവയല്ല. എന്ന് പറഞ്ഞു. കഴുത വേറെ വഴിയില്ലാതെ ഭാണ്ഡവും പേറി വേച്ച് വേച്ച് നടന്നു. കുറച്ച് ദൂരം പോയപ്പോൾ കഴുത ബോധം കെട്ട് വീണു. അപ്പോഴാണ് അലക്കുകാരന് ബുദ്ധി ഉതിച്ചത് കഴുതക്ക് കുടിക്കാൻ വെള്ളം കൊടുക്കുകയും കഴുതയുടെ മുതുകിലുണ്ടായ ഭാണ്ഡ എടുത്ത് കഴുതയുടെ മുതുകിൽ വച്ചു. കഴുത ഉല്ലാസമായി നടക്കുകയും കുതിര ഭാണ്ഡം ചുമന്ന് വേച്ച് വേച്ച് നടക്കുകയും ചെയ്തു. ഇതോടെ മടിയനായ കുതിര ഒരു പാഠം പഠിച്ചു.



നാസിയ ഷെറിൻ .പി

*8C*



# കേരള നവോഥാന ചരിത്രവും വസ്തുതകളും

കേരള നവോഥാന പ്രസ്ഥാനം 19-ആം നൂറ്റാണ്ടിന്റെ അവസാനത്തോടെ ആരംഭിച്ച ഒരു സാമൂഹ്യ സാംസ്കാരിക മുന്നേറ്റമായിരുന്നു.ഇത് കേരളത്തിലെ സാമൂഹ്യ ജീവിതത്തിൽ വലിയ തോതിലുള്ള മാറ്റങ്ങൾക്കു തുടക്കമിട്ടു.കേരളത്തിന്റെ സാമൂഹ്യ മാറ്റങ്ങളുടെ അടിസ്ഥാനം 16-ആം നൂറ്റാണ്ടോളം പഴക്കമുള്ളതാണ്.തുഞ്ചത്തെഴുത്തച്ഛനെ പോലെയുള്ള രചയിതാക്കളുടെ സ്വാധീനത്തിൽ ആധുനിക മലയാള ഭാഷരൂപം കൊണ്ടതും ഭക്തി പ്രസ്ഥാനത്തിന്റെ വളർച്ചയും സാഹിത്യത്തിനും അറിവിനും മേൽ ബ്രാമണർക്കുണ്ടായിരുന്ന കുത്തക തകർക്കാൻ സഹായിച്ചു.

ആദ്യം പോർട്ടുഗീസുകാരും പിന്നീട് ഡച്ചുകാരും ഒടുവിൽ ഇംഗ്ലീഷുകാരും എത്തിയത് ഈ മാറ്റങ്ങൾക്കു രാസത്വകരമായി തീർന്നു.യൂറോപ്യൻ മിഷണറിമാരുടെ വരവോടെ വിദ്യാഭ്യാസം നേടിയ ഒരു വിഭാഗം ഉണ്ടായി വരികയും ചെയ്തു.

കേരളത്തിൽ നിന്നുള്ള പ്രമുഖനേതാക്കളായ അയ്യങ്കാളി,ശ്രീ നാരായണ ഗുരു,ചട്ടമ്പി സ്വാമികൾ, കെ.പി. -കറുപ്പൻ,ഡോ.പൽപ്പു,കുമാരനാശാൻ,ആർ ശങ്കർ,വി. ടി. -ഭട്ടത്തിരിപ്പാട്,എന്നിവരാണ് കേരള നവോഥാന ചരിത്രത്തിനു നേതൃത്വം നൽകിയവർ.

ഇവർ ഉയർത്തിയ നവോഥാന മൂല്യങ്ങളുടെ തിരി കെചാതെ കണ്ണിലെ കൃഷ്ണ മണി പോലെ സൂക്ഷിക്കാനും വരും തലമുറക്ക് അത് കൈമാറാനും ഉള്ള പ്രതിബന്ധത നമുക്ക് ഓരോരുത്തർക്കും ഉണ്ട്.

കേരളം ഇനിയും ഒരു ഭ്രാന്താലയമായി മാറാതിരിക്കട്ടെ.....




BY: RINSHIDHA.P
9D

# സദ്യ

ഓണസദ്യക്കിലവച്ച
വിഭവങ്ങളമ്മ വിളമ്പിത്തന്നു.
ഉപ്പേരി പലതും, കായവറുത്തത്
ശർക്കരയുപ്പേരിക്കന്ത് സ്വാദ്.
ഉപ്പേരിക്കുന്നിൻ മുകളിലല്ലോ
പപ്പടമമ്മ നിരത്തിവച്ചു.
മദ്ദളം പോലെ പളംനുറുക്ക്,
പച്ചടി കിച്ചടി തോര നോലൻ
ഇഞ്ചി പ്പുളിയുമച്ചാറുമമ്മ
പുഞ്ചിരി ത്തുകി വിളമ്പിതന്നു.
പുത്തരിച്ചോറ് വിളമ്പി ഠീതെ
വെണ്ടക്കസാമ്പാറൊഴിച്ച് തന്നു.
പായസമമ്മ വിളമ്പിയപ്പോൾ
നാവിന്മേൽ വെള്ളമൂറുന്നുകൂടി
എല്ലാം തിന്നു കഴിഞ്ഞപ്പോൾ
ഏമ്പക്കം വിട്ടു ഉച്ചത്തിൽ



BY: FATHIMA FIDHA
*9E*


21|11|2018

## കുഞ്ഞിക്കോഴിയും കൂട്ടുകാരും

വലിയൊരു കാറ്റ് വന്നു.കുഞ്ഞിക്കോഴിയുടെ അരിമണിസഞ്ചി പാറിപ്പോയി. പിന്നെയും കാറ്റ് വന്നു, കുഞ്ഞിക്കോഴിയിടെ കൂടിന്റെ ജനാലകൾ പാറിപ്പോഴി.ഇതൊക്കെ



കഴിഞ്ഞപ്പോഴാണ് മഴ.ചിണുങ്ങി ചിണുങ്ങി വന്നത് ,അരിമണിയൊക്കെ കുതിർന്നു.ജനാലയും നനഞ്ഞു.കുഞ്ഞിക്കോഴി പറഞ്ഞു:"അയ്യോ എന്റെ കാറ്റേ, അയ്യോ എന്റെ മഴയെ..."കാറ്റും മഴയും കഴിയുന്നതിനു മുൻപേതന്നെ വെള്ളം പൊങ്ങി.കുഞ്ഞിക്കോഴി കൂടിനു മുകളിൽ കയറി.നീന്തിപ്പോകുന്ന ഡോഗിപ്പട്ടി ഒപ്പം പോരാൻ പറഞ്ഞു.പാറിപ്പറക്കുന്ന ക്രോക്കിക്കാക്ക ഒപ്പം പറക്കാൻ പറഞ്ഞു.തെങ്ങോലപ്പുറത്ത് അള്ളിപ്പിടിച്ച് പോവുന്ന ക്യാറ്റിപ്പൂച്ച ചാടിച്ചാടിപ്പോരാൻ പറഞ്ഞു.കുഞ്ഞിക്കോഴി ആരോടും മിണ്ടിയില്ല.കൂട് മുങ്ങാൻ തുടങ്ങിയപ്പോൾ അതിന് സങ്കടം വന്നു.കുമിപ്പയ്യും ഗോട്ടിയാടും എത്ര കഷ്ടപ്പെട്ടിട്ടാ കൊട്ടാരം പോലൊരു കൂടുണ്ടാക്കിത്തന്നത്.ഇനി എന്തു ചെയ്യും?അപ്പോഴതാ തിരമാല പോലെ ഓളം വെട്ടുന്നു.ആരോ നീന്തി വരുന്നു.അത് കൗമിപ്പയ്യും ഗോട്ടിയാടുമാണ്."വേഗം വാ"... അവർ കുഞ്ഞിക്കോഴിയോടു പറഞ്ഞു.ഒറ്റച്ചാട്ടത്തിന് കൗമിയുടെ കൊമ്പൽ കയറി നിന്നു.നീന്തിക്കുതിക്കുമ്പോൾ അവൾ കുഞ്ഞിക്കോഴിയോട് ചോദിച്ചു."അന്നേ പറഞ്ഞതല്ലേ പുഴക്കരയിൽ വെള്ളം വറ്റിയ കടവിൽ കൂട് പണിയെണ്ട എന്ന് "."ശരിയാ.... ശരിയാ... "കുഞ്ഞിക്കോഴി പറഞ്ഞു."ഇനി നമുക്ക് പുതിയോരിടത്ത് കൂടുണ്ടാക്കാം. "കൗമി പറഞ്ഞു.പോയതൊക്കെ പോട്ടെ....വിഷമിക്കേണ്ട....ഗോട്ടിയും പറഞ്ഞു.

കുഞ്ഞിക്കോഴിക്ക് അതു കേട്ടപ്പോൾ സന്തോഷമായി.അവർ മൂവരും വെള്ളത്തിലൂടെ നീന്തി നീന്തിപ്പോയി....



BY: Rida Fathima. BH

## *കാവ്യ ജീവിതത്തിലെ ഒരു*

# വഴിത്തിരിവ്

**–വൈലോപ്പിള്ളയുടെ ആത്മകഥ**

*ഇന്നത്തെ തലമുറ കുടിപ്പള്ളിക്കൂടങ്ങളെക്കുറിച്ച് കേട്ടിട്ടേയുള്ളു. നയ്സറി സ്കൂളിലോ, പ്രൈമറി സ്കൂളിലോ, ആരംഭിക്കുന്നു അവരുടെ വിദ്യഭ്യസം. ഞ്ൻ വീടിനടുത്തുള്ള 'കണ്ടനാശാൻ' എന്ന ഈഴവ വൃദ്ധന്റെ കുടിപള്ളിക്കൂടത്തിൽ ഒരു കൊല്ലം നിലത്തെഴുത്തും കണക്കും പഠിക്കുകയുണ്ടായി. ആശാന്, ഒരു ചരക്കുഴിലിട്ട് വെറ്റി അടക്ക ചതച്ചു കൊടുക്കാറുള്ള എന്നെ ഇഷ്ടമായിരുന്നു. നിലത്തെഴുത്തെല്ലാ ഞാൻ വേഗം പഠിച്ചു എന്നാണ് ഓർമ. 'കിയകെറ' എന്ന് ഒരേ താളത്തിൽ കുട്ടികളുടെ ശബ്ദം കുടിപള്ളിക്കുടത്തിൽ നിന്നും മുഴങ്ങിക്കൊണ്ടിരിക്കും. അതിനു ശ്രുതിയായി അടുത്ത വീട്ടിലെ നസ്രാണിയുടെ കൊപ്ര ആട്ടുന്ന ചക്കിൽ നിന്നു പ്രസരിക്കുന്ന ഉറക്കുപ്പാട്ടിന്റെ ഈണത്തിലുള്ള സൗമ്യ സ്വരം.*

*ഒരു കൊല്ലം കഴിഞ്ഞ് രമൈൽ അകലെ റോഡുവക്കിലുള്ള പ്രൈമറി സ്കൂളിലും പിന്നീട് തുമ്പപറമ്പ് എന്ന പേരിൽ അറിയപ്പെട്ടിരുന്ന സെന്റ് ആൽബർട്ട്സിലെ പ്രൈമറി ക്ലാസിലും ചേർന്നു പഠിച്ചു ജയിച്ചു. നാലാം ക്ലാസിൽ എത്തിയപ്പോഴാണ് കവിതയുടെ ഒരു നെടും തൂണിൽ ഞാൻ സ്പർശിച്ചത്. നാലാം ക്ലാസ് പുസ്തകത്തിലുണ്ടായ 'ഗാന്ധാരി വിലാപം' എന്ന പാഠത്തെയാണ് ഞാൻ ഉദ്ദേശിച്ചത്. അദ്ധ്യാപകന്റെ മുഖവും കൂടാതെയുള്ള അർത്ഥം പറയലിൽ കൂടി ഞാനാ കവിത പഠിച്ചു, എങ്കിലും ആകവിതയിലെ ദുരന്തരംഗം ശരിക്കും മനസ്സിലാക്കുവാൻ, പ്രയത്തിന്റെ ചെറുപ്പം കൊണ്ടാവാം അദ്ധ്യാപകന്റെ അചരാപ്തത കൊണ്ടാവാം.*

*അഞ്ചാം ക്ലാസിൽ എത്തിയപ്പോൾ എന്റെ കാവ്യ ജീവിതത്തിൽ പെട്ടെന്നൊരു വഴിത്തിരിവുണ്ടായിരുന്നു. പക്ഷേ ഡിവിഷൻ വേറെയാണങ്കിലും സംസ്കൃതക്ലാസിൽ ഞാനും എന്റെ ജേഷ്ഠനും ഒരുമിച്ചിരിക്കേണ്ടി വന്നു ചോദ്യം ചോദിക്കുമ്പോൾ ഞാൻ പറയാത്ത ഉത്തരം താൻ പറയുന്നതു ജേഷ്ഠനും സന്തോഷമായിരുന്നെങ്കിലും അദ്ദേഹം പറയാത്ത ഉത്തരം ഞാൻ പറയുന്നത് അദ്ദേഹത്തിന് അത്ര ഇഷ്ട്ടമായിരുന്നില്ല. ഞാൻ സംസ്കൃതമെടുത്തതിന്റെ ജേഷ്ഠൻ അമ്മയുടെ അടുക്കൽ കലശൽ കൂടി. ഞാൻ മലയാളം ക്ലസിലേക്കു മാറണം .മാറിയേതീരൂ. പെട്ടെന്നു മലയാളം ക്ലാസിലേക്കു മാറുവാൻ തരപ്പട്ടുകയില്ല. അദ്ദേഹം സംസ്കൃത അഞ്ചാം ക്ലാസിൽ രണ്ടാം കൊല്ലമായിരുന്നു. ഞാൻ വഴങ്ങിക്കൊടുത്തു. വഴക്കം എന്റെ പ്രകൃതത്തിനു ചതിയല്ല. അതൊട്ട് ഇന്നോളം ഇത്തരം വഴണ്ടിക്കൊടുക്കലുകളുടെ വംശപരമ്പരയാണ് ജീവിതമെന്ന പേരിൽ ഞാൻ പുലർത്തിപ്പോന്നിട്ടുള്ളത് ചില ഈ അടദർശങ്ങൾക്കു വേണ്ടി കാലാകാലങ്ങളിൽ ശഠിച്ചുനിന്നിട്ടുണ്ട്. വൈലോപിള്ളയുടെ വിതാനുഭവങ്ങളാണ് ഇത്. തന്റെ അഞ്ചാം ക്ലാസിലെ ഓർമകളെല്ലാം വിവരിക്കുന്നു.*

BY ROSE MARY SHAJU
IX-B






Aparna.k
2-8-13

# സൂര്യൻ

സൂര്യനെപറ്റി നാം അറിയുന്നത് വെറും ഒരു ആകാശഗോളം എന്ന് മാത്രമാണ്.എന്നാൽ നമ്മുടെ ആകാശഗംഗ എന്ന ഗാലക്സിയിലെ പതിനായിരം കോടിയിലധികം വരുന്ന സൂര്യൻമാരിൽ താരതമേന്യ വളരെ ചെറിയ ഒരു നക്ഷത്രമാണിത്. ഭൂമിയിൽ നിന്നും 15 കോടി കി.മീ അകലെയാണിതിന്റെ സ്ഥാനം. ഭൂമി ഉൾപ്പെടെയുള്ള ഗ്രഹങ്ങൾ സൂര്യനെ പരിക്രമണം ചെയ്യുന്നു. ഭൂമിക്ക് സൂര്യനെ ഒരു തവണ ചുറ്റാൻ ഒരു വർഷം വേണം. എന്നാൽ ആയിരക്കണക്കിന് കൊല്ലങ്ങൾ കൊണ്ട് സൂര്യനെ



കേന്ദ്രതാപനില 150 ലക്ഷം ഡിഗ്രി സെൽഷ്യസാണ്. സൂര്യന്റെ പ്രായം 400-500 കോടി വർഷമാണ്. സൂര്യനിൽ നിന്ന് പ്രകാശം ഭൂമിയിലെത്താൻ 8 മിനുറ്റ് 20 സെക്കന്റൊണ് സൂര്യനിൽ കാണപ്പെടുന്ന പ്രധാന വാതകങ്ങൾ ഹൈഡ്രജനും,ഹീലിയവുമാണ്.

സൂര്യനെ നോക്കുമ്പാൾ ആദ്യം കാണുന്ന ഭാഗമാണ് ഫോട്ടോസ്ഫിയർ. ഫോട്ടോസ്ഫിയറിന്റെ തൊട്ടു പിന്നിലായി ക്രോമോസ്ഫിയർ കാണപ്പെടുന്നു.ഇതിൽ ചലിച്ചുകൊണ്ടിരിക്കുന്ന വാതകങ്ങൾ നിറഞ്ഞിരിക്കുന്നത് കാണാം.സൂര്യന്റെ കേന്ദ്രം കോർ ആണ്. ക്രോമോസ്ഫിയറിന്റെ മുകളിലെ ഭാഗം കൊറെന്നറിയപ്പെടുന്നു. കൊറോണേൽ ഹോൾഡ് ആണ്. സൂര്യന്റെഅന്തർ ഭാഗത്തുനിന്നും പുറത്തേക്കുള്ള ഭാഗം കൺവെക്ഷൻസോൺ എന്നറിയപ്പെടുന്നു.

ഡിസ്കാണ് നമുക്ക് കാണാൻ കഴിയുന്ന ഭാഗം. സൂര്യകളങ്കങ്ങൾക്ക് മേൽഭാഗത്ത് സ്ഥിതി ചെയ്യുന്ന വാതകപ്പാടുകളെ

ഫാക്യൂലെ എന്ന് വിളിക്കുന്നു. സൂര്യന്റെ ഉപരിതലത്തിൽ നിന്ന് പുറപ്പെടുവിക്കുന്ന പ്രകാശവികിരണമാണ് ഫ്ളെറുകൾ. സൂര്യന്റെ അന്തർഭാഗത്ത് നിന്നും പുറത്തേക്കുള്ള ഭാഗത്തെ റേഡിയേറ്റീവ് സോൺഎന്നറിയപ്പെടുന്നു.

**ഫിൻഷ .വി.പി**

# കടങ്കഥകൾ

അകമില്ല പുറമില്ല ഞെട്ടില്ല വട്ടയില്ല

- പപ്പടം

അകത്തു രോമം പുറത്തിറച്ചി

- മൂക്ക്

അമ്മയെ തൊട്ട മകൻ വെന്തുമരിച്ചു

- തീപ്പെട്ടിക്കൊള്ളി

ആദ്യം പൊന്തിപ്പൊന്തി,പിന്നെ തൂങ്ങിതൂങ്ങി

-വാഴക്കുല

ആകാശത്തെത്തുന്ന തോട്ടി

- കണ്ണ്

ആനയെ തളയ്ക്കാൻ തടിയുണ്ട്, കടുക് പൊതിയാനിലയില്ല

-പുളിമരം

ഇത്തിരി മുറ്റത്ത് അഞ്ചു കാവൽക്കാർ

-കൈവിരൽ

ഇരുട്ട് പുരയിൽ കുട്ടിയാന

-പത്തായം

ഉറക്കത്തിലും മിഴിതുറന്ന് സുന്ദരി

-മീൻ

ഉടുതുണി ഇല്ലാത്തോൾ കുടചൂടി നിൽക്കുന്നു

-കൂൺ

ഊരിയവാൾ ഉറയിലിട്ടാൽ പൊന്നിട്ട പത്തായം തരാം

-ടൂത്ത് പേസ്റ്റ്

എട്ടെല്ലൻ കുട്ടപ്പനൊറ്റക്കാലൻ

-കുട

എത്രകത്തിയാലും അണയാത്ത വിളക്ക്

-സൂര്യൻ

ഒറ്റക്കാലൻ കിളി ഒരു പറ മുട്ടയിട്ടു

-അടയ്ക്ക

ഒരമ്മ എന്നും വെന്തും നീറിയും

-അടുപ്പ്

ഒരു കുട്ടയിൽ രണ്ടുവരി മുല്ലമാല

-പല്ല്

ഒരമ്മ പെറ്റ മക്കളെല്ലാം ചാടിച്ചാടി

-തവള

ഓടിനടക്കും പറന്നനടക്കും തീപ്പന്തം

-മിന്നാമിനുങ്ങ്

BY: MRIDHULA

**7B**

# ഒരു ദൈവ സന്ദേശം

കരയുന്ന ഭൂമിയുടെ കണ്ണീർ
തുടയ്ക്കാൻ ഒരുങ്ങാത്ത മക്കളെ
പോറ്റുന്ന ഭൂമിയുടെ
ദീനമാം രോദനം കേൾക്കുന്ന ഞാൻ
ഭൂമി വിളമ്പുന്ന മരണമാം
വേദനയോടെ,
കണ്ണുനീർ പൊഴിക്കുന്നു
താടകയെന്നപോൽ
ഓർക്കുക മാർത്വാ നീ
ജീവൻ തുടിപ്പുള്ള
ഭൂമിയാം ദേവിയെ നോവിച്ചോൽ
അനുഭവിക്കും നീ -
ഒരുനാൾ



ശരണ്യ.കെ.എൻ

9.f


Fathima Hiba . P
IX E

## കുസൃതിക്കാരൻ കിച്ചൂസ്

ഒരു ഗ്രാമത്തിലെ ചെറിയ വീട്ടിലെ കുട്ടിയാണ് കിച്ചൂസ് . അവൻ മഹാ വികൃതിക്കാരനാണ് . ഒരു ദിവസം അവന് സ്കൂളുണ്ടായിരുന്നില്ല അവൻ അന്ന് അമ്മയോടു ചോദിച്ചു അമ്മേ എനിക്കെന്താ കഴിക്കാനുള്ളത് .പാലും പഴവും മേഷയുടെ മുകഴിലുണ്ട് എടുത്തു കഴിച്ചോ . പാലുവച്ചിരുന്ന ക്ലാസ് താഴെ വീണ് പൊട്ടി. എന്താ അവിടെ ഒരു ശബ്ദം. ഒന്നുമില്ല അമ്മേ.. പിന്നെന്താ അത് , അത് ഗ്ലാസ് പൊട്ടിയതാണ് അമ്മേ.. നീ ഗ്ലാസും പൊട്ടിച്ചു അല്ലേ ,പിന്നെ നീ അതിൽ ചവിട്ടല്ലേ..ഞാനിപ്പോൾ വരാം . അവൻ ആ കുപ്പിച്ചില്ലിലൂടെ നടന്ന് അവന്റെ കാൽ മുറിഞ്ഞു. അവൻ ഉറക്കെ നിലവിളിച്ചു .അമ്മ ഓടി എത്തി അച്ഛനെയും കൂട്ടി ആശുപത്രിയിൽ കൊണ്ടുപ്പോയി .പോകുന്ന വഴിക്കെല്ലാം സൂചിയെ പേടിച്ച് അവൻ കരഞ്ഞു .അപ്പോളെല്ലാം അമ്മ നിന്റെ വികൃതിക്കുള്ള ശിക്ഷയാണിത് എന്ന് പറഞ്ഞു. ആശുപത്രിയിൽ എത്തി ഡോക്ടറെ കണ്ടു ഖാൽ കെട്ടി പോയ്സൺ കയറാതിരിക്കാൻ രണ്ട് സൂചിയും അടിച്ചു . അപ്പോൾ തന്നെ കിച്ചു ഒരു തീരുമാനമെടുത്തു ഇനി ഒരിക്കലും കുസൃതി കാണിക്കില്ല എന്ന്.

BY: Ananya krishna

**<u>ബുദ്ധിയുള്ള കാക്ക</u>**

***നല്ല ചൂടുള്ള ഒരു ദിവസം കാക്കച്ചിക്ക് വല്ലാത്ത ദാഹംതോന്നി. അൽപം വെള്ളം കിട്ടിയിരുന്നെങ്കിൽ....ഭാഗ്യം! ദാ ഒരു കുടം അതിൽ വെള്ളമുണ്ട്.കാക്കച്ചി വെള്ളം കുടിക്കാൻ തല കുടത്തിലേക്കിട്ടു. പക്ഷെ കുടത്തിന്റെ അടിയിലെ വെള്ളത്തിലെക്ക് കൊക്ക് എത്തുന്നില്ല. എന്തുചെയ്യും?........ കാക്കച്ചിക്ക് ഒരു ഉപായം തോന്നി.തൊട്ടടുത്ത് നിന്നും ഉരുളൻ കല്ലുകൾ ചുണ്ടുകൊണ്ടെടുത്ത് കുടത്തിൽ ഇട്ടു. വെള്ളം ഉയർന്നു വന്നു. കുറച്ചുകല്ലുകൾ കൂടി ഇട്ടപ്പോഴേക്കും കാക്കച്ചിക്ക് വെള്ളം കുടിക്കാൻ കഴിഞ്ഞു.***



***By Rishwa.k***

***5D***


Rishvana J.T
VIII E

## നാട്ടിടവഴിയിലെ തോഴൻ.......


നാട്ടിടവഴികളിലൂടെ ഞാൻ
ഏകാന്തമായൊരു വഴിയിൽ ചെന്നുപ്പെട്ടു.
വഴിയറിയാതെ,കുടിലറിയാതെ
ഏകാന്തതവിഴുങ്ങി നിന്നുഞാൻ
ദൂരെ നിന്നും ഒരു പ്രഭയെത്തി
കണ്ണിലെ ദീപങ്ങൾ അറിയുന്ന വേളയിൽ
കൈപിടിച്ചെന്നെ കരയ്ക്കുകയറ്റിയവൻ
മാറോടണച്ചെന്റെ പ്രിയ തോഴൻ...
ഞാൻ വിതുമ്പുമ്പോൾ,ഞാൻ കരയുമ്പോൾ
എന്നെ നെഞ്ചോടു ചേർക്കുമവൻ
എന്നുടെ ദു:ഖങ്ങൾ അവന്റെ ദു:ഖമായ്
കാണുമെന്നെന്നുമെൻ പ്രിയ തോഴൻ.......
ഞാൻ ജീവിതപ്പടി കയറുമ്പോൾ
കൈപ്പിടിച്ചെന്റെ കൂടെയവനുമുണ്ട്
ഇനി എന്നും എവിടെയും അവന്റെ കൂടെ
ജീവിക്കാനെനിക്കു മോഹം
എന്നും അവനെന്റെ പ്രിയമാം തോഴൻ....



***BY: NIHMA***

# *അനാഥമാവുന്ന കണ്ണുന്നീർ തുള്ളികൾ*

## *കവിത*



മാറിലെ രക്തധമനിതൾക്കിടയിൽ
അലിഞ്ഞുറഞ്ഞ തീരാദുഃഖ
മൽപ്പമെൻ കണ്ണുനീരായ്
പൊടിഞ്ഞിറങ്ങാൻ , തെല്ലും
സാവധാനമതിന്ന് വന്നില്ല.....
പൊട്ടിക്കരയാനറിവില്ലാത്തിനാ-
ലല്ലയെനിക്കു ഒലിച്ചിറങ്ങുമാ-
പാവം കണ്ണുനീർത്തുള്ളിയനാഥമാവു-
മെന്നോർത്തുള്ള ഭയത്തിലാണ്.....
ആരുമില്ലാതെയായെന്നത്മാ-
വിനെപ്പോലയതും
വിലപ്പിക്കാൻ പിറന്ന താവരുതേ-
എന്നോർത്തു ഞാനെൻ നൊമ്പര
മേഘലത്തെ തടയുന്നുവെൻ
വിനീതയാം കണ്ണുന്നീർതുള്ളിക്കു വേണ്ടി.....

BY: THANHA SHAWKATH




10-A

## പ്രണയം എന്ന വാചാലം

*വാചാലമാവുന്ന പ്രണയമുണ്ടോ*
*അനശ്വരമാകുന്ന പ്രണയമുണ്ടോ*
*പ്രണയമെ നീ എന്നിൽ വർഷിച്ചീടും*
*ഒരു പുതുമഴയായ് അലഞ്ഞീടുമോ*
*ഒരു നാളിൽ നീ എന്നെ കവർന്നീടുമെങ്കിലും*
*നിശബ്ദമായ് നിന്നീടും ഞാനീ ഖനികയിൽ*
*ഒരു മയിൽപീലിയായ് തലോടുമോ നീ*
*ഒരു കരിവണ്ടായ് തേൻ നുകർന്നീടുമോ*
*ഒരു പൂവിൻ അനശ്വരമായപൂവിതൾ*
*ആയി ഞാൻ മാറിയെങ്കിൽ നുള്ളുമോ*
*നീ ഒരു ബാലകനായ് ആ ബാലകനെ*
*പോലെ നീ എന്റെ ഇതളാവും ജീവിതം*
*ഹനിച്ചീടുമോ കവർന്നീടുമോ*
*നീ എൻ ജീവിതം നിൻ പ്രാണനിൽ*
*ഹോമിച്ച് ഇല്ലാതാക്കുമോ*



**BY: AYANA**
**9E**


Muhammad Sinan
IX E
G.H.S.S Pullangod

# ആ നെല്ലിക്ക

ഇന്നലെ രാത്രി ഡിന്നർ കഴിക്കാൻ അച്ഛന്റെയും,അമ്മയുടെയും കൂടെ പോയതും ബർഗർ കഴിച്ച കഥയും പറഞ്ഞു കൊണ്ടിരിക്കയാണ് എട്ട ബി ക്ലാസിലെ ആ പതിമൂന്ന് വയസ്സുകാരൻ.

അപ്പോഴാണ് ക്ലാസിലെ നാരായണൻ മാസ്റ്റർ മലയാളം പഠിപ്പിക്കാൻ വേണ്ടി കടന്നുവന്നത്. മാസ്റ്ററും ഇതു കേട്ടായിരുന്നു. കള്ളച്ചിരിയോടെ, ഗാംഭീര്യമുള്ള സബ്ദത്തോടെ മാസ്റ്റർ പറഞ്ഞു, ആരെല്ലാം ഒരുനേരമെങ്കിലും ആഹാരമില്ലാതെ വെളിച്ചമില്ലാതെ കഴിഞ്ഞുകൂടിയിട്ടുണ്ട്. ആർക്കും ഉത്തരമില്ല. അദ്ദേഹം പറഞ്ഞു വിശന്നു വലയുന്ന എത്ര കുഞ്ഞുങ്ങൾ ഇന്നീ ലോകത്തുണ്ട്. നാംകളിച്ചുവളർന്നിടത്തുതന്നെ പണ്ടെത്രയാ എണ്ണങ്ങൾ.

നെടുവീർപ്പിട്ട് മാസ്റ്റർ പറഞ്ഞുതുടങ്ങി,എന്നത്തെയോ കഥയാണ് ഒരു മോന്റെ കഥയാണ്. സൂര്യന്റെ വെളിച്ചം കണ്ടാൽ അവൻ നേരെ ഓടും പത്രമിടാൻ.
വലിയ വലിയ ആളുകളുടെ വീട്ടിൽ വണ്ടി കഴുകാൻ. അവനതിനു പകരം പണം വേടിക്കാറില്ല. സേവനം ചെയ്യുന്നത് അവനിഷ്ടമാണ്.

എന്നാ, പള്ളിക്കൂടത്തിലേക്ക് പോവാൻ നേരമായാൽ അവൻ അടുക്കളയിലേക്ക് ഓടും അവൻ അമ്മയെ നോക്കികൊണ്ടേയിരിക്കും. എന്നാ അമ്മ അവനെ നോക്കില്ല. കാരണം അമ്മക്ക് കുറ്റബോധമാണ്. എന്റെ മോന് ഉച്ചക്ക് ഊണുണ്ണാൻ ഉപ്പിലിട്ട ഒരു
നെല്ലിക്ക മാത്രമാണല്ലോ എന്ന്. രാവിലെ പഴകഞ്ഞിക്കും അവന് കൂട്ട് നെല്ലിക്കതന്നെ. പള്ളിക്കൂടത്തീന്ന് ചോറ്റുപാത്രം തുറക്കുമ്പോൾ എല്ലാവരും അവനെ നോക്കി ചിരിക്കും. എന്നാൽ അവന് സങ്കടമില്ല. കാരണം ഈ നെല്ലിക്കയും ഞാനും തമ്മിലുള്ള ആത്മ ബന്ധം എന്നും നിലനിൽക്കില്ലഎന്ന വിശ്വാസം അവനിലുണ്ട്.

ആ വിശ്വാസം അവനെ കൈവിട്ടിട്ടില്ല. ഇത്രയും പറഞ്ഞ് മാസ്റ്റർ നിർത്തി.ആ പതിമൂന്ന് വയസ്സുകാരൻ ചോദിച്ചു.ആരാണാ കുട്ടി. താൻ അനുഭവിച്ച ദുഷ്കർമങ്ങൾക്കു പകരം ഇന്ന് സുഖങ്ങൾ അനുഭവിക്കുന്ന ഒരു വ്യക്തി. എന്നാൽ അവർക്കു മനസസ്സിലായില്ല. ഉച്ചക്ക് ഊണ് കഴിക്കാൻ വിട്ടപ്പോൾ അവൻ സാറിനെ ജനലിലൂടെ നോക്കി
മാഷിന്റെ ചോറ്റു പാത്രം കണ്ടപ്പോൾ അവൻ അമ്പരന്നു.

BY ANAYA UP
***8B***

## വീൽചെയർ

ആർക്കുമേ വേണ്ടാതെ
ഭാരമായ് കിടപ്പതെന്നെ-
നീയുമായ് ചേർത്തപ്പോൾ
എന്തെന്നറിയാതൊന്നു ഞാൻ അമ്പരന്നു
അമ്പരപ്പല്ല,തൊരു ആനന്ദ പ്രത്യാശയായ്.....

ഒരിക്കൽ അടഞ്ഞ അക്ഷരവാതിൽ
വീണ്ടും തുറക്കാമെന്നോർത്ത്, എൻ ആനന്ദാശ്രു പുഞ്ചിരിച്ചു



മാറാല തൂങ്ങികിടക്കും
ഭിത്തിയിൽ കൺനട്ട്
ജനവാതിലിനടുത്ത് ,
നാലുകാലിൽ മലർന്നുകിടന്നു
ജിജ്ഞാസ നിറയുമെന്നെ
എൻ കാലുകൾ തടഞ്ഞു....
കണ്ണുണ്ട് കാണാനാവതില്ലേ
യെന്നോർത്ത്, ഇനി നഷ്ട
ങ്ങളെയോർത്ത് വിങ്ങിപ്പൊട്ടി ഞാൻ

രണ്ടുവട്ടചക്രങ്ങൾക്കിടയിൽ
നിൻ മാറിലിരുത്തി,
ആദ്യവാതിൽ തുറന്നെനിക്ക്
ശകതി പകർന്നു നീ...

ഇന്നെൻ കലാലയ വാതിൽ വീണ്ടും തുറക്കുന്നു,
അടഞ്ഞയോരോ വാതിലുകളും
വലിച്ചുതുറക്കും ഞാൻ,
നിന്നിലൂടെ



Thanha Shoukath
*10-A*


TOM and JERRY

# മനുഷ്യൻ



കലാപതുടക്കങ്ങളെല്ലാമേ,
വിലാപത്തിലൊടുങ്ങും
കല്ലേറും,കൊലയും കുലവും
കൊല്ലാപ്പുമെല്ലാം കലിപ്പിൻ
കരണങ്ങളായിട്ടീ കുലത്തിൻ
കരുണയാം കാന്തിയെ
ക്രൂരാക്കൂരിരുട്ടിലാഴ്ത്തീടുന്നു

അസ്ത്രംപോലസ്ഥിയിലെത്തി
കത്തിപ്പോൽ കുത്തിക്കീറും
കനിവില്ലാ കനവുള്ളൊരു
കാമഭാവത്തിൻ കാട്ടാളതകളുമാ-
യി കത്തിയും, കുന്തപന്തങ്ങളും
കൈയിലേന്തി ചതിയിൽ
ചോരചിന്തുവാനണിയുന്നു

ചെറുപ്പത്തിൽ ചന്ദനച്ചെ-
ന്താമരചെമ്പകചെണ്ടുപോൽ
ചന്ദമുള്ള ചിപ്പിപോലുള്ളയീ
ചങ്കിന്ന് ചീചിന്തകളാ
ചതികൊലവഞ്ചനകളാൽ
ചുട്ടെരിഞ്ഞ് ചപ്പുകൊണ്ടങ്ങ-
നെ ചീർത്ത് ചതുപ്പിലാഴുന്നേ



BY:

**ANJALA PHILIP**

10A


വൈക്കം
മുഹമ്മദ് ബഷീർ

# പഴഞ്ചൊല്ലുകൾ

*ഇക്കര നിൽക്കുമ്പോൾ അക്കര പച്ച

*അറിയാത്ത പിള്ളയ്ക്ക് ചൊറിയുമ്പോൾ അറിയും

*ആരാന്റെ അമ്മക്ക് ഭ്രാന്ത് പിടിച്ചാൽ കാണാൻ നല്ല ചേലാ

*അകലെയുള്ള ബന്ധുവിനെക്കാൾ അയൽക്കാരൻ നല്ലത്

*ആനവായിൽ അമ്പഴങ്ങ

*ആനക്കാര്യത്തിനിടയിലാണോ ചേനക്കാര്യം

*ആട് കിടന്നിടത്തൊരു പൂടപോലും ഇല്ല.

*അരിയെത്ര ? പയർ അഞ്ഞാഴി

*ഇഷ്ടമില്ലാത്ത അച്ചി തൊട്ടാ തെല്ലാം കുറ്റം

*ഐക്യമത്യം മഹാബലം

*ചക്കിനു വെച്ചത് കൊക്കിനു കൊണ്ടു

*ചെങ്ങാതി നന്നായാൽ കണ്ണാടി വേണ്ട

* ആറ്റിൽ കളഞ്ഞാലും അളന്നു കളയണം

*കാക്കയ്ക്കും തൻ കുഞ്ഞ് പൊൻ കുഞ്ഞ്

*ആന കൊടുത്താലും ആശ കൊടുക്കരുത്

*ആളേറിയാൽ പാമ്പ് ചാവില്ല്

*ഉപ്പു തിന്നവൻ വെള്ളം കുടിക്കും

*എന്റെ മാവും പൂക്കും

*അല്ലാവരരം പല്ലുകോറിയാൽ ചുമക്കാനാളുണ്ടാവില്ല

*കലത്തിലുണ്ടെങ്കിലോ കയ്യിൽ വരൂ.

*കുരയ്ക്കും പട്ടികടിക്കില്ല.

* അഴകുള്ളചക്കയിൽ ചുളയില്ല

*കാക്ക കുളിച്ചാൽ കൊക്കാകുമോ



# FRIENDS




The Light That Came To Me
When I Was Blind Is My Friend
The Happiness And Joy Have
Is What I Learned From Them

Even If I'm Alone I Can Feel
My Friends With Me
Even If I'm Upset I Can Hear
My Friends Consulating Me

If My Heart Is Wounded With Sadness
I Know My Friends Are Healing It.
If They Are Far From Me And I Can't See Them
I Know I'm Seeing Them Auditory

BY: FARHA ABDUL AZEES
9F


AFNAJAS
9D
IX-D

# മണ്ടൻ നായ

ഒരു ദിവസം കിട്ടൻ നായയ്ക്ക് ഒരു എല്ലു കിട്ടി. ആരും കാണാതെ തിന്നണം എന്ന് കരുതി എല്ലും കൊണ്ട് അവൻ ഓടി.

ഓടുന്ന വഴിക്ക് ഒരു തോട് കടക്കണം. അതിനു മുകളിൽ വീതി കുറഞ്ഞ ഒരു തടിപ്പാലമുണ്ട്. അതിലൂടെ ഓടുമ്പോൾ കിട്ടൻ താഴെ വെള്ളത്തിലൂടെ ഒരു നായ ഓടുന്നത് കണ്ടു.

കിട്ടനു ദേഷ്യം വന്നു"ബൗ ബൗ "-അവൻ കുരച്ചു.

ബ്ളും!കഷ്ടം!എല്ല് വെള്ളത്തിൽ വീണു.ഓളം കാരണം ഇപ്പോൾ നായയെയും കാണുന്നില്ല. പക്ഷെ അപ്പോഴും കിട്ടനു മനസ്സിലായില്ല ,അതു തന്റെ നിഴലായിരുന്നു എന്ന്.

**BY RINSHA.K**

**7D**



## മദ്യത്തിൽ മുങ്ങുന്ന ദൈവത്തിന്റെ സ്വന്തം നാട്

ബഹുമാനപ്പെട്ട അധ്യാപാകരെ, എന്റെ പ്രിയ സുഹൃത്തുക്കളെ,
നമുക്ക് അറിയാം നമ്മുടെ നാട് എന്ന് പറഞ്ഞാൽ ദൈവത്തിന്റെ സ്വന്തം നാട്ണ്. ദൈവം അനുഗ്രഹിച്ച് പാലും പഴവും ഒഴുക്കിയിരുന്ന നാടാണ് നമ്മുടേത്.മയക്കമരുന്നിന്റെയും മധുരാശയുടെയും
നാടായിമാറിയിറിരിക്കുന്ന ഭാവിയുടെ വാഗ്ദാനങ്ങളായ നമ്മിലാണ് ഇന്ത്യയെന്ന മഹാരാജ്യത്തിന്റെ പ്രവർത്തിക്കാം. ഉണരു ഉണരു സഹപാഠികളെ അതിനായി പ്രയത്നിക്കാം.

നമ്മൾ പഴമയുടെ കാലഘട്ടങ്ങളിൽ ദാഹനിരിനായി
ഇളനീരും സംഭാരവും തുടങ്ങിയവ ആയിരുന്നു. ഉപയോഗിച്ചിരുന്നത്. ഇന്ന് ആ സ്ഥാനത്ത് കോക്കകോളയും സെവനപ്പ്, മിറൻഡയും, ബിയറും തുടങ്ങിയവയിൽ ആൾക്കോഗോൽ അടങ്ങി-
യ ലഹരിവസ്തുക്കളാണ് യുവതലമുറ ഉപയോഗിക്കുന്നത്. കാരണം കുടുംബങ്ങളിലെ പണത്തിന്റെ കുത്തൊഴുക്കാണ് ഇവിടെ പ്രകടമാക്കുന്നത്. ഇതിന്റെ ഫലമായി ആർക്കും വേണ്ടാത്ത ഒന്നിനും കൊള്ളാത്ത ഒരു യുവതലമുറയാണ് ഉരുതിരിഞ്ഞ് ഉണ്ടാവുക.


നമ്മൂടെ ജീവിത ശൈലിയിൽ വന്ന മാറ്റത്തിന്റെ ഫലമായി പല പുതിയ രോഗങ്ങളും കാണാത്തതും ഇതുവരെ അനുഭവിക്കാത്തതുമായ
സംഭവങ്ങളും ഉണ്ടാകും.

ഉണരു ഉണരു സഹപാഠികളെ
അതിനായി പ്രയത്നിക്കാം.

നന്ദി,നമസ്കാരം.

BY: Niya Mariya Ditto




Amna P
5-D

## സൗഹാർദം

പ്രണയത്തെ കുറിച്ച്
എഴുതിയ വരൊന്നും
ഇതിനെ കുറിച്ച് വർണിച്ചെഴുതിയില്ല
പാടിയകിളികളേതും
ഇതിനെ കുറിച്ച് മിണ്ടിയില്ല
കാരണം തേടി ഞാനലഞ്ഞു
ചെറുഇലകളിൽ ഓരങ്ങളിൽ
കുന്നിൻ പുറങ്ങളിൽ .......
അവസാനം ഭ്രന്താലയത്തിലും
കണ്ടില്ല,പക്ഷെ ഒന്ന്മനസ്സിലായി
ഒരിക്കലും തിരിച്ചുവരാത്ത
കിട്ടാകനിയായി മാറി
അതെന്നും





**BY:AFLA AYSHA.KP**

**9C**

# ഉപദേശിക്കാൻ പോയ പക്ഷി

മഞ്ഞുകാലമായിരുന്നു.നല്ല തണുപ്പ്.കുരങ്ങൻ കരിയിലകൾ കൂട്ടിയിട്ട് തീകായാൻ തീരുമാനിച്ചു.പക്ഷെ അതിന് തീ വേണമല്ലോ!.തീ കത്തിക്കാൻ കുരങ്ങന്റെ കയ്യിൽ തീപ്പെട്ടിയില്ല. തീ കത്തിക്കാനുള്ള മറ്റു മാർഗങ്ങളൊന്നും അറിയില്ല താനും.

അപ്പോഴതാ ഒരു മിന്നാമിനുങ്ങ് പറന്നു വരുന്നു.കുരങ്ങൻ പ്രയാസപ്പെട്ട് അതിനെ പിടിച്ച് കരിയിലകൾക്കിടയിൽ വെച്ച് ശക്തിയായി ഊതാൻ തുടങ്ങി.കുരങ്ങന്റെ ശക്തിയായ ആ ഊത്തിൽ കരിയിലകൾ പറന്ന് പോയതല്ലാതെ തീ കത്തിയതില്ല.

ഈ വിഢിത്തം സമീപത്തെ മരത്തിൽ ഇരുന്നൊരു പക്ഷി കാണുന്നുണ്ടായിരുന്നു.പക്ഷികുരങ്ങനെ കളിയാക്കി:"ഏ കുരങ്ങച്ചാ,താനെന്താ ഈ ചെയ്യുന്നത് ?. ഒരുപാട് നേരമായല്ലൊ ഊതുന്നത് ?".കുരങ്ങൻ മേലോട്ട് നോക്കിയതല്ലാതെ ഒന്നും പറഞ്ഞില്ല."അതേ,രണ്ടു കല്ലുകൾ തമ്മിൽ കൂട്ടിയുരച്ചാൽ തീയുണ്ടാക്കാം",പക്ഷി കുരങ്ങനെ ഉപദേശിച്ചു.പക്ഷിയുടെ ഉപദേശം കേട്ടപ്പോൾ കുരങ്ങന് കോപമാണ് ഉണ്ടായത്.

കുരങ്ങൻ പക്ഷി ഇരിക്കുന്ന മരത്തിലേക്ക് ചാടിക്കയറി.അപ്പോഴേക്കും പക്ഷി പറന്ന് രക്ഷപ്പെട്ടു.കുരങ്ങൻ ദേഷ്യം അടക്കാനാവാതെ പക്ഷിയുടെ കൂട് തകർത്തു.അതിലുണ്ടായിരുന്ന മുട്ടകൾ നിലത്തെറിഞ്ഞ് പൊട്ടിച്ചു.പാവം പക്ഷി.അത് കരഞ്ഞു:"അയ്യോ എന്റെ മുട്ടകൾ,എന്റെ കുഞ്ഞുങ്ങൾ".


വിവരമില്ലാത്തവരെ ഉപദേശിക്കുന്നത് വളരെ സൂക്ഷിച്ച് വേണമെന്ന് അതോടെ പക്ഷി മനസ്സിലാക്കി.

BY: FIDA FATHIMA VP





9E



**ഒരു തൈ നടാം നമുക്കമ്മയ്ക്കുവേണ്ടി**
**ഒരു തൈ നടാം കൊച്ചു മക്കൾക്കുവേണ്ടി**
**ഒരു തൈ നടാം നൂറു കിളികൾക്കു വേണ്ടി**
**ഒരു തൈ നടാം നല്ല നാളേയ്ക്കുവേണ്ടി**
**ഇത് പ്രാണവായുവിനായി നടുന്നു**
**ഇതു മഴക്കായി തൊഴുതു നടുന്നു**
**അഴകിനായി തണലിനായ് തേൻപഴങ്ങൾക്കായ്**
**ഒരു നൂറു തൈകൾ നിറഞ്ഞു നടുന്നു**

**റിസ് വാന ഷെറിൻ**



# <u>ഇരുട്ട്...</u>

**എത്ര പകലുകൾ എത്ര ദീപമായി കഴിഞ്ഞു**
**എങ്കിലും ഞാൻ ഇരുട്ടിലാണ്**
**എന്റെ വികാരങ്ങളെ നൊമ്പരങ്ങളെ പരാതികളെ**
**ഞാൻ വലിച്ചെറിഞ്ഞതും ,**
**ഇരുട്ടിന്റെ കൂട്ടയിലല്ലോ.**
**ഇരുട്ടിന്റെ കൂർത്ത പല്ലുകൾക്കിടയിലൂടെ ഒരു**
**തടവിലെന്നോണം എന്റെ ആത്മാവ് പിടഞ്ഞുരുകി**
**എന്റെ തേങ്ങലുകൾ പ്രതിധ്വനിച്ച ക്രൂര**
**കറുത്ത തിരമാല ചൂടിയിരുന്നപോൾ...**
**അതെന്റെ അടുപ്പ് പുകഞ്ഞത് -**
**മാറാല കെട്ടി ചിലന്തി പാർത്തതല്ലെ**
**ഇരുളിനെ പ്രണയിച്ച് ക്രൂരയും മുറിയും**
**ഇരുട്ടിനെ പുൽകിയതാണപോൾ....**
**എന്തേ എന്നും ഭദ്രമായി സൂക്ഷിപ്പാൻ**
**ഞാനോ ഇരുളിന്റെ ജനനി ?**
**അല്ല, ഞാൻ എന്നെ തടയുകയാണോ....?**



*Shahana T K*
*10 -A*



## ഞാൻ വാഴ്ത്തിടാം

കണ്ടിട്ടും കണ്ടിട്ടും മതിവരാ-
ത്തൊരീയമ്മതൻ
സൗന്ദര്യം ഞാൻ വാഴ്ത്തടാം....

പച്ചപ്പുല്ലുകൾ നിറഞ്ഞ താഴ്വാരത്തെയും,
കളകളമൊഴുകി കടലെന്ന ലക്ഷ്യത്തിൽ
ചെന്നുചേരുന്ന പുഴകളെയും,
മുത്തുകൾ ചിന്നിച്ചുകൊണ്ടൊഴുകുന്ന
കാട്ട് പൂഞ്ചോലകളേയും ഞാൻ വാഴ്ത്തിടാം.......

തീപോലെ ജ്വലിക്കുന്ന സൂര്യനേയും
പൂനിലാവൊഴുക്കുന്ന പൂർണചന്ദ്രനേയും
നവരത്നങ്ങളെന്ന പോലെ തിളങ്ങുന്ന
താരകങ്ങളേയും ഞാൻ വാഴ്ത്തിടാം.......
ഇത്രമേൽ സൗന്ദര്യമോലുന്നൊരമ്മ-
തൻ മടിത്തട്ടിൽ വന്നു പിറന്നതെൻ
ജന്മജന്മാന്തര പുണ്യമല്ലേ....


BY Arya vp
***9c***

## കേരളത്തെ വിഴുങ്ങാനെത്തിയ ഭൂതത്താൻ

" വാർത്തകളിൽ പ്രളയം
കണ്ണീരാൽ നിറഞ്ഞ പ്രളയം
മഴ ദൈവങ്ങൾ കനിഞ്ഞ പ്രളയം
എങ്കിലും ദുഃഖം
ഓർമ്മകൾ മറഞ്ഞു
പ്രളയത്തിൽ സ്വപ്നങ്ങൾ ഒഴുകി
പ്രളയത്തിൽ ഒടുവിൽ വന്ന
പത്രവാർത്തയിൽ ഒരു കടലിരമ്പൽ
വാർത്തയുടെ ഉള്ളിലങ്ങനെ ഞാൻ
കാത്തിരിക്കുകയാണ് നീ തിരിച്ച്
വരുമെന്ന പ്രതീക്ഷയിൽ..........."



ഹിബ ഷെറിൻ
9-B


Shell
Mobil

# സന്ദർശകർ

**Alisha c.j**
**9f**

**വേനലവധി വന്നെത്തിയിരിക്കുന്നു. അമ്മു വളരെ സന്തോഷത്തിലാണ്. അവധി ഏതൊരുകുട്ടിക്കും സന്തോഷദായകം തന്നെയാണ്. പക്ഷേ അമ്മുവിന്റ സന്ദോഷത്തിനു മറ്റൊരു കാരണം കൂടി ഉണ്ടായിരുന്നു. മൂന്നു വർഷമായി നാട്ടിലേക്കു വരാതെ വിദേശ-ത്തായിരുന്നു അവളുടെ അച്ഛനും അമ്മയും തിരിച്ചെത്താനിനി മൂന്നു ദിവസമേ ഉള്ളു . ഓരോ ദിവസം കഴിയുമ്പോഴും അവൾക്ക് അവരെ കാണാനുള്ള ആഗ്രഹം ഏറി ഏറി വരികയാണ് . ചിലപ്പോൾ അത് ലഹരിയായി പടർന്ന് അവളുടെ മൂർത്താവിലെത്തി അവൾ തുള്ളിച്ചാടും.**

**അവൾ പിറന്ന് നാലുമാസമായപ്പോഴേ അവളെ മുത്തച്ഛനേയും മുത്തശ്ശിയേയും ഏൽപ്പിച്ചിട്ട് അവർ പോയി. പിന്നെ ഇടക്കെല്ലാം വന്ന് കുഞ്ഞിനെ കണ്ടിട്ട് പോകും. അവൾക്ക് പല സമ്മാനങ്ങളും കളിപ്പാട്ടങ്ങളുമെല്ലാം കൊണ്ടു വരും. ഇപ്പോൾ അമ്മുവിന് പത്ത് വയസ്സാണ്. അവൾക്ക് എല്ലാം മുത്തച്ഛനും മുത്തശ്ശിയുമാണ്. ഇടയ്ക്കിടെ അവൾക്ക് നിറയെ സമ്മാനങ്ങളും കളിപ്പാട്ടങ്ങളുമായി വരുന്ന സന്ദർശകർ മാത്രമാണവളുടെ മാതാപിതാക്കൾ. പക്ഷേ ആ കുരുന്നു ഹ്രദയം നിഷ്കളങ്കമായതിനാലാവണം തന്നെ ഉപേക്ഷിച്ച് പോയിട്ടും അവർ തന്റെ മാതാപിതാക്കളാണെന്ന ചിന്ത അവൾക്കുണ്ടായത്. അതിനാൽ തന്നെയാവണം അവരെ കാണണമെന്ന ചിന്ത അവൾക്കുണ്ടായത്.**

**കാർത്തിയാനി അമ്മയ്ക്ക്, അമ്മുവിന്റെ മുത്തശ്ശിക്ക് ഇന്ന് ഇരിക്കാൻ നേരമില്ല പണിയാണ്. മകനും മരുമകളും ഇപ്പോയിങ്ങെത്തും.**

**"കാർത്തിയാനീ...അവരിപ്പൊയിങ്ങെത്തും ഊണു കേമമാക്കണം ഒരുപാടുനാളുകൂടി വര്വല്ലേ. നാട്ടിലെ ഭക്ഷണം കഴിക്കാൻ കൊതിയാകുന്നുണ്ടാകും കുട്ടികൾക്കും "**

**വഴിയിൽ നിന്നും കണ്ണെടുക്കാതെ വാസുദേവൻനായർ പറഞ്ഞു**

**“അതുപിന്നെയെനിക്ക് അറിയില്ലെ വാസുവേട്ടാ...എല്ലാം തയ്യാറായി കുട്ട്യോൾ എത്തിയാൽ മതി. ഭഗവാനെ....അവരെ കാത്തോണേ.....”**

**വാർദകൃത്തിന്റെ ആദികൃത്താൽ ആ സ്വരത്തിന് വിറ പിടിപെട്ടിരിന്നെങ്കിലും അതിൽ ഒരു അമ്മയുടെ മുഴുവൻ വാത്സല്യവും കരുതലും നിറഞ്ഞിരുന്നു.**

കാർ മുറ്റത്തു വന്ന് ബ്രേക്കിടുന്ന ശബ്ദം കേട്ട് വാസുദേവൻനായർ തിരിഞ്ഞുനോക്കി. അടുക്കളയിൽ മുത്തശ്ശിയെ
സഹായിക്കുകയായിരുന്ന അമ്മുവാണ് ആദ്യം ഓടിയെത്തിയത്

“അമ്മു മോളേ...അമ്മേടെ സുന്ദരിക്കുട്ടി ക്ഷീണിച്ചല്ലോ" സീത അമ്മുവിനെ വാരിയെടുത്തു.

വേണുഗോപാൽ ടാക്സിയുടെ പണം കൊടുത്ത് സാധനങ്ങൾ ഇറക്കിവച്ചു

"മോനേ വേണൂ...ഇന്റെ കുട്ടീനെ കണ്ടിട്ടെത്ര നാളായി. ഇന്റെ കുട്ടി ആകെ മാറിയിരിക്കുണു. അമ്മയ്ക്ക് മനസ്സിലാവാണ്ടായി.” കാർത്തിയായിനി അമ്മയുടെ വാത്സല്യത്തോടെ പറഞ്ഞു.

“ ഇങ്ങനെയൊക്കെ പറയാൻ ഞാൻ കുഞ്ഞു കുട്ടിയൊന്നുമല്ലല്ലോ
അമ്മേ.” വേണുവിനെന്തോ അമ്മയുടെ വാത്സല്യമത്ര പിടിച്ചില്ല അമേരിക്കൻ സംസ്കാരവുമായ ഇടപഴകിപോകുന്ന വേണുവിന് അമ്മയുടെ വാത്സല്യം ആരോചകമാണ്.

"അല്ല വേണൂ,നീ ഞങ്ങൾക്കെന്നും കുഞ്ഞു തന്നെയാ.ഞങ്ങൾക്ക് നീയൊന്നല്ലെ ഉള്ളു ആണായിട്ടും പെണ്ണായിട്ടും. എന്തായാലും മക്കള് വന്നകാലെ നിക്കാണ്ട് കയറിവാ" പറഞ്ഞത് വാസുദേവൻനായരാണ്

അമ്മുവിന് അവർ കൊണ്ടുവന്നിരിക്കുന്ന സമ്മാനങ്ങൾ കാണുവാനുള്ള ജിജ്ഞാസയാണ്. അവൾ, കൊണ്ടുവച്ച പെട്ടികൾക്കുമുന്നിൽ നിന്നു കുത്തിരുന്നു.

“വേണൂ..സീതേ..വാ ഊണു കഴിക്കാം നിങ്ങൾക്ക് വിശക്കുന്നുണ്ടാവില്ലേ? നേരം ഒരുപാടായി. നോക്ക് അമ്മ നിങ്ങൾക്കുവേണ്ടി നിങ്ങൾക്കിഷ്ടമുള്ളതെല്ലാം ഉണ്ടാക്കിവച്ചിട്ടുണ്ട്. അമ്മു നിങ്ങടെ കൂടെ കഴിക്കാൻ കാത്തിരിക്കുവാ. അവളൊന്നും കഴിച്ചിട്ടില്ല, ഇതുവരെ”

“ഓ..നിങ്ങള് കഴിച്ചില്ലെ?..ഇവിടെ ഊണുണ്ടാവുമെന്ന് പ്രതീക്ഷിച്ചില്ല ഞങ്ങൾ വഴീന്ന കഴിച്ചു. ഇനി വേണ്ടാ.”-എന്ന് സീത പറഞ്ഞു.വേണു ഒന്നും പറഞ്ഞില്ല. റൂമിലേക്ക് നടന്നു

തന്റെ കഷ്ടപാടുകളെകുറിച്ചോർക്കാതെ. അമ്മയുടെ ക്ഷണത്തെ വാക്കുകളിൽ തട്ടിത്തെറിപ്പിച്ച്,ഒരു ഭാവവ്യത്യാസവുമില്ലാതെ നടന്നു നീങ്ങിയ മക്കളുടെ നിർവികാരതയോർത്ത് ആ അമ്മയുടെ കണ്ണു നിറഞ്ഞു

“അയ്യേ..കാർത്തിയായീ..നീ കരയാതെ കുട്ട്യോള് നീ ഇവിടെ
ഭക്ഷണമുണ്ടാക്കുമെന്ന് പ്രതീക്ഷിച്ചിരിക്കില്ല. അല്ലാച്ചാ അവരിവടന്നല്ലെ?”-വാസുദേവൻനായർ

ആ വൃദ്ധയെ ആശ്വസിപ്പിച്ചു

“ഏയ്,ഞാൻ കരഞ്ഞൊന്നുമല്ല്യാ വാസുവേട്ട..കുട്ട്യോള് പെട്ടന്നങ്ങനെ പറഞ്ഞപ്പൊ ന്റ കണ്ണൊന്നു നിറഞ്ഞു അല്ലാതൊന്നുമല്ല്യാ...വാ അമ്മൂ..നിനക്കുവിശക്കുന്നില്ലേ? നിന്റെ അമ്മേനേം അച്ഛനേം കാത്തിരുന്നിട്ട് ഓല് നേർത്തെ കഴിച്ചൂന്ന് ” -കാർത്തിയായിനി തന്റെ ദുഃഖം മറച്ചുവെക്കാൻ ശ്രമിച്ചുകൊണ്ടുപറഞ്ഞു

“ആ..മുത്തശ്ശി..എനിക്കു നന്നായി വിശക്കുന്നു നിറേ ചോറും കറീം വേണം”-ആ കുരുന്നു ഹൃദയം നല്ല സന്തോഷത്തിലായിരുന്നു.

പക്ഷേ കാർത്തിയാനിക്കാഊണ് ആസ്വദിക്കാനായില്ല. മകന്റെ ഒപ്പമുണ്ണാൻ കൊതിച്ചിരിക്കയായിരുന്നു ആ അമ്മ. പക്ഷെ മകനാചിന്തയുണ്ടങ്കിലല്ലേ.?

“വേണൂ..നീ എത്ര നാളായെടാ പോയിട്ട നിനക്ക് ഇടക്കൊക്കെയൊന്നു വന്നൂടേ. ഇവിടെ ഇങ്ങനെയും ചിലര് ഉണ്ടെന്നു നീ ഓർക്കുന്നുണ്ടോ ആവോ?”-അച്ഛൻ തന്റെ പരാതി അറിയിക്കാൻ മറന്നില്ല.

“ഇല്ലച്ഛാ...ലീവ് വേണ്ടേ പിന്നെ ഇപ്പൊന്നത് ഞങ്ങടെ മോളിവിടെ ഉള്ളോണ്ടാ അല്ലേൽ.....”

അയാൾമുഴുവനാക്കിയില്ലാ പക്ഷേ അതിൽ പറയാനുള്ളതെല്ലാം സംഗ്രഹിച്ചു. അച്ഛൻ ഒന്നും പറഞ്ഞില്ല ദീർഘമായൊന്ന് നിശ്വസിക്കുകമാത്രം ചെയ്തു. ഒരു അച്ഛൻ അല്ലാതെ എന്തുചെയ്യാൻ?

“അതേയ് ഇപ്രാവശ്യം പോകുമ്പോ അമ്മൂനേം കൊണ്ടുപോകും അമേരിക്കയ്ക്ക് ഇവിടെ കിടന്ന് നരഗിക്കാൻ ഞാൻ ന്റെ കുട്ടീനെ വിടില്ല. അവൾക്ക് പാസ്സ്പോർട്ടൊക്കെ എടുത്തിട്ടുണ്ടല്ലോ..”-സീത അവരുടെ തീരുമാനമറിയിച്ചു.

“എന്താ വേണൂ ഇത് ? കുട്ടിക്കിപ്പോ ഇവിടെന്താ കുഴപ്പം? നിങ്ങളവളോട് ചോദിച്ചു നോക്ക് അവൾക്കിവിടന്ന പോണോന്ന്.?
അവളേം കൊണ്ടുപോയാപ്പിന്നെ ഞങ്ങക്കിവിടെയാരാ?? കുട്ടിയെങ്കലും ഇവിടെ നിന്നോട്ടെ.”

“ഇവിടെ നിന്നാ അവളുടെ ഭാവി മൊരടിച്ചുപോവും അമേരിക്കയാകുമ്പോ അവൾക്ക് നല്ല ഓപ്പർച്യൂണിറ്റീസുണ്ടാവും. പിന്നെ നിങ്ങൾക്ക് പ്രായവും അസുഖവുമൊക്കെ കൂടുവല്ലേ. ഇവളെനോക്കാൻ ബുദ്ധിമുട്ടാവും.”

"ഞങ്ങൾക്കസുഖം ഏറ്റവാനുള്ള ചിന്തനിനക്കുണ്ടോ സീതേ.."

"നിങ്ങള് നിർത്ത് കുട്ട്യോള് വന്നല്ലേ ഉള്ളൂ നമുക്ക് എല്ലാം ശരിയാക്കാം"-അതു അമ്മയുടെ കർത്തവ്യം നിറവേറ്റാൻ കാർത്തിയായിനി മറന്നില്ല

അമ്മു ഇതെല്ലാംകേ ട്ട് നിശബ്ദയായി ഇരിക്കുകയായിരുന്നു. ഇതൊന്നും പൂർണമായി മനസ്സിലാക്കാനിള്ള പ്രായം അവൾക്കായിട്ടില്ലാ. എങ്കിലും എന്തൊക്കെയോ ഊഹിച്ചെടുത്തു. തന്നെ അമേരിക്കയ്ക്ക് കൊണ്ടുപോകുന്ന കാര്യമാണവർ പറയുന്നത്. ഒരുപ്രാവശ്യം അമേരിക്ക കാണണമെന്ന ആഗ്രഹം എല്ലാ നാട്ടിൻപുറത്തുകാരെയും പോലെ അവൾക്കുമുണ്ട്. പക്ഷേ അമ്മു ജനിച്ചതും വളർന്നതും ഈ നാട്ടിൻ പുറത്താണ്. അവൾ സ്നേഹിച്ചതും അതിനെയാണ്. അവൾ പലരിൽ നിന്നുമായി അമേരിക്കയെ കുറിച്ച് നിരവധി കേട്ടിട്ടുണ്ട് അവയെല്ലാം അവളിൽ ആശ്ചര്യം ജനിപ്പിട്ടുമുണ്ട്. കാണണമെന്ന് ആഗ്രഹിച്ചിട്ടുമുണ്ട്. പക്ഷേ ഈ നാടിനേയും വീടിനേയും വിട്ട് മുത്തശ്ശിയേയും മുത്തച്ഛനേയും വിട്ട് പോവുക അവൾക്ക് അസഹനീയമായിരുന്നു. അതവൾ ആഗ്രഹിച്ചിട്ടില്ല. അവൾ സ്നേഹിച്ചതീ ഗ്രാമത്തെയാണ് ;ഈ പച്ചപ്പിനേയാണ്. അത് അമേരിക്കയ്ക്ക് നൽകാനാവാത്ത സൗഭാഗ്യങ്ങളാണ്.

അന്നു രാത്രി അമ്മു അവളുടെ അച്ഛന്റെയും അമ്മയുടെയും കൂടെയാണ് ഉറങ്ങിയത്.

"അവളെ കൊണ്ടു പോകുന്ന കാര്യം നീ ഇപ്പോൾ തന്നെ പറയ്ണ്ടിയിരുന്നില്ല."-വേണു സീതയെ കുറ്റപ്പെടുത്തി

"അല്ലാതെ എപ്പോഴാണെങ്കിലുമ രറയണ്ടേ? നിങ്ങള് കണ്ടതല്ലെ ഇപ്പോത്തന്നെ നമ്മുടെ മോള് തന്നെ വേണം അവളുടെ ജോലിയെല്ലാം ചെയ്യാൻ. നിങ്ങളെ അമ്മ കെളവിയായി. കുറച്ച നാളുകൂടി നമ്മുടെമോളെ ഇവിടെ നിർത്തിയാൽ നിങ്ങടെ തന്തേനേം തള്ളേനേം നോക്കുന്ന വേലക്കാരിയാവും അവള് എന്റെ മോൾക്കങ്ങനെയൊരു ഗതിയുണ്ടാവാൻ ഞാൻ സമ്മദിക്കില്ല."-

"നീ പറഞ്ഞതൊക്കെ ശരിയാവാം, പക്ഷേ അവരെന്റെ മാതാപിതാക്കളാണ് കുറച്ചുകൂടി മാന്യമായി സംസാരിക്കണം."

"എനിക്കിത്രയും മാന്യതയേ ഉള്ളൂ എന്നു കൂട്ടിക്കൊ."

അവരുടെ സംസാരമങ്ങനെ നീണ്ടുനീണ്ടു പോയി. പക്ഷേ എപ്പോഴോ അവൾ ഉറക്കത്തിലേക്ക് വഴുതി വീണു

അവർ വന്നിട്ടിപ്പോ കുറച്ച ദിവസങ്ങൾ കഴിഞ്ഞു ആർക്കും സന്തോഷം തരുന്ന ഒന്നുമവിടെ

സംഭവിച്ചില്ല സീതയും അമ്മയും തമ്മിൽ മിക്ക ദിവസവും എന്തെങ്കിലുമൊക്കെ വാക്ക്പോരുണ്ടാകും നിരാലംഭയായ ആ വൃദ്ധ കലഹങ്ങളിൽ നിന്നൊഴിഞ്ഞുമാറാൻ പലപ്പോഴും ശ്രമിക്കാറുണ്ട്. സീത അതിരുകൾ ഭേതിക്കുമ്പോൾ മാത്രമേ കാർത്തിയായിനി ശബ്ദമുയർത്തിയുള്ളൂ. അവർക്ക് തിരിച്ച് പോകാനുള്ള ദിവസങ്ങൾ അടുത്തു വരും തോറും വാസുദേവൻനായരുടേയും മനസ്സിൽ ഭീതിയും വർദ്ധിച്ചു. അമ്മുവിനെ അവർ കൊണ്ടുപോകുമോ, അതാ വൃദ്ധർക്ക് സഹിക്കാനാവില്ല. അമ്മു അവരുടെ കുഞ്ഞാണ്. അവരാണവളെ വളർത്തിയത്. അവളുടെ മേൽ അവർക്കും അവകാശമുണ്ട്.

പോകുന്നതിന്റെ തലേന്ന് നേരത്തെ തന്നെ സീത അമ്മുവിനെ വിളിച്ചെഴുന്നേൽപ്പിച്ചു.

“അമ്മു വേഗം ണീറ്റേ നമുക്ക് നാളെ വെളുപ്പിനു പോവണം.നീ നിനക്കും വേണ്ടതെന്തോക്കെയാണെന്ന് വച്ചാൽ എടുത്തു വയ്ക്ക് ഒന്നിനും നേരമില്ല.”-അതെ ഒന്നിനും നേരമില്ലാതായിരിക്കുന്നു അവളുടെ അമ്മയ്ക്കും അച്ഛനും

“നമ്മളെങ്ങോട്ടാ അമ്മേ നാളെ പോണേ?”-ഉറക്കച്ചടപ്പിൽനിന്നും അമ്മു മുക്തയായിരുന്നില്ല.

“എങ്ങോട്ടാന്നോ, അമേരിക്കയ്ക്ക് നിന്നേം കൊണ്ടു പോവുകയാ ഞങ്ങൾ"

“ഞാൻ എങ്ങട്ടും വരുന്നില്ല.ഞാൻ ഇവിടെയാ നിൽക്കണേ”

“കിട്ടും എന്റെ അടുത്തു നിന്നു രാവിലത്തന്നെ, അവള് വരണില്ലാന്ന്.
വേഗം എണീറ്റ് പല്ലു തേച്ച് എന്താച്ചാ എടുത്തുവെക്ക്”

നിറകണ്ണുകളോടെയാണ് അമ്മു അന്നെണീറ്റത്. അവൾക്കൊന്നും എടുത്തു വെക്കാൻ തോന്നിയില്ല.എന്തൊക്കയോ എടുത്തു വെച്ചവൾ പെട്ടി മടക്കി.

ഇന്നവർ പോകുന്ന ദിവസമാണ്. വാസുദേവന്റെയും കാർത്തിയാനിയുടെയും കണ്ണുകൾ കരഞ്ഞുകലങ്ങി ജീവനറ്റിയിരിക്കുന്നു.

“അമ്മേ..നിങ്ങൾക്ക് പ്രായമായി വരുവല്ലേ രോഗങ്ങൾ കൂടി ആരോഗ്യം ക്ഷയിച്ചു .അപ്പോ ഇനി അമ്മൂനെയും കൂടി നോക്കാൻ നിങ്ങൾക്ക് പ്രയാസമാകും ഞങ്ങള് അമ്മൂനെയും കൊണ്ടു പോകാൻ തീരുമാനിച്ചു”സീത അവരെ ആശ്വസിപ്പിക്കാൻ ശ്രമിച്ചു

പക്ഷെ അവർക്കറിയാമായിരുന്നു വാസ്തവം പോകാൻ സമയം അടുക്കുന്തോറും അമ്മുവിന്റെ കണ്ണീരിനളവും കൂടി ആ മുത്തശ്ശന്റെയും മുത്തശ്ശിയുടെയും കൊച്ചുമകളുടെയും വിടവാങ്ങൽ കണ്ണീരണിക്കുന്നതായിരുന്നു.അവർ മാറിമാറി ആ കുരുന്നിനെ ചുംബിച്ചു. ആ രംഗത്തിനു ശേഷം വേണു കുറച്ചുനോട്ടു കെട്ടുകൾ മേഷപ്പുറത്തു വച്ചു.

നീ മാതാപിതാക്കൾക്ക് വിലയിടുവാണോ , ആ വൃന്ദ ദമ്പതിമാർ പൊട്ടിക്കരഞ്ഞു.


"ഇനിയെന്തെങ്കിലും എടുത്തു വെക്കാനുണ്ടോ?

അതിനുത്തരം പറഞ്ഞത് അമ്മുവാണ് "ഉണ്ടമ്മേ..മുത്തശ്ശിയും മുത്തശ്ശനും അവരുടെ സ്നേഹവും

"

"മോനേ മറക്കരുത് നിനക്കുമുണ്ട് ഇങ്ങനെ ഒരു കാലം "

അമ്മു വിനെയും കൊണ്ടുപോയ അവർ തിരിച്ചു വന്നില്ല .ആ വൃദ്ധ ദമ്പതികൾ ആരുമില്ലാതെ അനാഥകളായി മുതിയടഞ്ഞു . ആരെല്ലാമോ കൂടി മൃദദ്ദേഹം സംസ്കരിച്ചു.അവരുടെ മകനെ ആരും വിവരം അറിയിച്ചില്ല . അവർ സന്ദർശകരായിരുന്നു . വലരെ അകർന്ന സന്ദർശകർ.



# FRIENDSHIP



Friendship is the precious gift
By the god
A good friend is one who
Shares our feelings
And she is the one who
Stands with my pleasure and sorrow
My friend is my lover,my sister
And everything
And it is the great relation
Which lasts for ever
So,when you pray to God
Ask for no diamonds or pearls
But for the love of a
TRUE FRIEND

Hanan.T

***9-F***

# കത്ത്

റിസ്‌വാന ഷെറിൻ
9-f

എന്റെ പ്രിയപ്പെട്ട കൂട്ടുകാരിക്ക്,

നിനക്ക് സുഖമാണെന്ന് പ്രതീക്ഷിക്കുന്നു കുടുംബത്തിലുള്ളവർക്കുംസുഖമാണെന്ന് വിശ്വസിക്കട്ടെ.നിനക്ക് ഇപ്പോഴും ആ വെളുത്ത പൂച്ചക്കുട്ടിയുണ്ടോ?

ഞാനിപ്പോൾ ഈ കത്ത് എഴുതാനുള്ള കാരണം 19-02-2019 (ചൊവ്വ) എന്റെ പിറന്നാളാണ്. എന്റെ വീട്ടുകാരെല്ലാവരും എന്റെ പിറന്നാൾ ആഘോഷിക്കാൻ തീരുമാനിച്ചിരുക്കുകയാണ്. അന്നത്തെ ആ സന്തോഷ ദിവസത്തിൽ നീയും ഉണ്ടാകണമെന്ന് ഞാൻ ആഗ്രഹിക്കുന്നു.നിന്റെ കുടുംബത്തെയും നീ കൊണ്ടു വരണം.

നീ അവരെയും കൂട്ടി വരുമെന്ന പ്രതീക്ഷയോടെ ഞാൻ എന്റെ കത്ത് ചുരുക്കുന്നു.

എന്ന്

സ്വന്തം നിന്റെ

കൂട്ടുകാരി

മീനു

# BEAUTY OF NATURE

Nature is earth's beauty
Loving people are worlds cuty
Bird's sky is blue
Sun's shine is true
Bird's have beautiful nest
For baby birds want rest
Rose is smell
We are tell
The fire spread and spread
Stand blackened now and dead
That it might start a forest fire
We did not even care
The sky was grey
we had nothing to do and nothing to say

NASHA .N
9 . F

## അദ്ധ്വാനത്തിൻ പ്രതിഫലം

പണ്ട് ഒരു ഗ്രാമത്തിൽ ഒരു നെയ്ത്തുകാരൻ ജീവിച്ചിരുന്നു.മനോഹരമായ പട്ടുവസ്ത്രങ്ങൾ നെയ്യുന്നതിൽ അതിസമർത്ഥനായിരിന്നി.

ഒരിക്കൽ ഒരു പ്രഭു ആ ഗ്രാമത്തിലെ അധികാരിയായി തെരഞ്ഞെടുക്കപ്പെട്ടു.ഉടനെ മറ്റു നെയ്ത്തുകാരും കച്ചവടക്കാരും പുതിയ അധികാരിക്ക് ധാരാളം സമ്മാനങ്ങൾ കാഴ്ചവെച്ചു.എന്നാൽ,അയാൾക്കു നെയ്ത്തുകാരൻ മാത്രം യാതൊന്നും കാഴ്ചവെച്ചില്ല.

പ്രഭു അതൊട്ടും ഇഷ്ടപ്പെട്ടില്ല.

'ഹും, അഹങ്കാരി,' അയാൾ മനസ്സിൽ പറഞ്ഞു.

'പട്ടുവസ്ത്രം നൽകി എന്നെ ബഹുമാനിക്കാത്ത അവനെ ഒരു പാഠം പഠിപ്പിക്കണം!'

വൈകാതെ ഒരു ദിവസം പ്രഭു, നെയ്ത്തുകാരൻനെയ്ത്തുശാലയിലെത്തി.ഭംഗിയുള്ള നിരവധി പട്ടുവസ്ത്രങ്ങൾ അവിടെയുണ്ടായിരുന്നു.അതിൽ ഒരെണ്ണം കൈയിലെടുത്ത് പ്രഭു ചോദിച്ചു:

'ഹേയ്, ഇതിനെന്താ വില?'

"നൂറു സ്വർണ്ണനാണയം!" നെയ്ത്തുകാരൻ പറഞ്ഞു.

"എന്ത്? ഒരു പട്ടുടുപ്പിന് ഇത്രയധികം വിലയോ? എന്നാൽ എനിക്കിതിൻ പകുതി മതി..." പ്രഭു പറഞ്ഞു.എന്നിട്ട് അയാൾ ആ പട്ടുവസ്ത്രം രണ്ടായി കീറി.

എന്നൽ,നെയ്ത്തുകാരന് യാതൊരു കുസലുമുണ്ടായില്ല.

"ശരി, പകുതിയേയുള്ളൂവെങ്കിലും നൂറു സ്വർണ്ണനാണയമാണ് അതിൻയും വില.അത്രയും തുക തന്ന് അതെടുത്തുകൊള്ളൂ," അയാൾ പറഞ്ഞു.

ഇതു കേട്ടപ്പൊൾ പ്രഭുവിന് കോപം ഇരട്ടിക്കുകയാണുണ്ടായത്.അയാൾ ആ പട്ടുവസ്ത്രം പിന്നെയും പിന്നെയും പല കഷ്ണങ്ങളാക്കി.എന്നിട്ട് അതിൽ ചെറിയൊരു കഷ്ണമെടുത്ത് വില ചോദിച്ചു.എന്നാൽ അതിനും നൂറു സ്വർണനാണയംതന്നെ വേണമെന്നായി നെയ്ത്തുകാരൻ!

"അതെങ്ങനെ? വലിയ പട്ടുവസ്ത്രത്തിനും ചെറിയ ഈ കഷ്ണത്തിനും ഒരേ വിലയോ?" പ്രഭു ക്രുദ്ധനായി ചോദിച്ചു

"അതേ പ്രഭോ!" നെയ്ത്തുകാരൻ തുടർന്നു

"കാരണം, അങ്ങ് പല കഷ്ണങ്ങളാക്കി മാറ്റിയ ഈ വസ്ത്രം കൊണ്ട് ഇനി ആർക്കും ഉപയോഗമില്ല.എന്നാൽ അതു നിർമ്മിക്കാൻ എത്രയോ പേർ ചെലവാക്കിയ അദ്ധ്വാനമോ? മൾബറിത്തോട്ടത്തിൽ പട്ടുനൂൽപ്പുഴുക്കളെ വളർത്തിയാണ് ഒരു കൃഷിക്കാരൻ ഇതിൻ നൂലെടുത്തത്.നൂൽ വൃത്തിയാക്കി അവയിൽ പല ചായങ്ങൾ

പിടിപ്പിച്ചതാകട്ടെ,മറ്റൊരാളും. പല നിറത്തിലുള്ള ആ നൂലുകൾ കൊണ്ടാണ് ഞാൻ ഈ വസ്ത്രമുണ്ടാക്കിയത്.അതു കൊണ്ട്, ഞങ്ങൾ എല്ലാവരുടെയും അദ്ധ്വാനത്തിൻ പ്രതിഫലമാണ് ഞാൻ ചോദിച്ചത്!"

നെയ്ത്തുക്കാരനെ മാത്രമല്ല, മറ്റു പലരേയുമാണ് താൻ യഥാർത്ഥത്തിൽ തോൽപിക്കാൻ ശ്രമിച്ചതെന്ന് അപ്പോഴാണ് പ്രഭുവിനു മനസ്സിലായത്.
അയാൾ നെയ്ത്തുകാരനോട് ക്ഷമ പറഞ്ഞ് പട്ടുവസ്ത്രത്തിൻ യഥാർത്ഥ വില നൽകി വേഗം സ്ഥലംവിട്ടു.

*Hanan.T*

***9-F***

## കടങ്കഥ

- ഒറ്റക്കാലിൽ തപസ്സ ചെയ്യും വെള്ളക്കുപ്പായക്കാരൻ

ഉത്തരം-കൊക്ക്

. കറുത്തപാറയ്ക്ക് വെളുത്ത പേര്

ഉത്തരം-ആന

.ചേനയിൽ ഞനാണവസാനം

കരയിൽ വലിയ മൃഗം ഞാൻ-എന്നുടെ പേര് പറയാമോ?

ഉത്തരം-ആന

.മരങ്ങൾ തോറും ചാടിനടക്കും വാലിൽതൂങ്ങി ഊഞ്ഞാലാട്ടും

ഉത്തരം -കുരങ്ങൻ

.കാളകിടക്കും കയറോട്ടും

ഉത്തരം-മത്തൻ



ഇസ്ന എം.കെ

*9-f*

# നിഘണ്ടുവിന്റെ കൂടെ

## നിഘണ്ടു

പഠനമുറിയിലെ ഉറ്റ സുഹൃത്തുക്കളാണ് നിഘണ്ടുക്കൾ.
നിഘണ്ടുക്കൾ കൂടെയുണ്ടെങ്കിൽ പഠനമികവ് അനായാസമായി
നേടാം.ഫലപ്രദമായ ആശയവിനിമയത്തിന്റെ ശക്തനായ തേരാളിയാണ്
വാക്കുകളെ വരുതിയിലാക്കാൻ നിഘണ്ടുക്കൾ കൂടിയേ
തീരൂ.

## മലയാളം-പോർട്ടുഗീസ് നിഘണ്ടു

എഡി പതിനഞ്ചാം നൂറ്റാണ്ടുവരെ മലയാളത്തിൽ നിഘണ്ടുക്കൾ
ഉണ്ടായിരുന്നില്ല. 1498 ൽ വാസ്കോഡ
ഗാമ വന്നതോടെ കച്ചവടവും മതപ്രചാരണവും തുടങ്ങി.അതോടെ മലയാളം
അവർക്കൊരു പ്രശ്നമായി.
അങ്ങനെ പോർട്ടുഗീസ്-മലയാളം നാഘണ്ടു ഉണ്ടാക്കി.
അർണോസ് പാതിരയെന്ന ക്രിസ്തീയ മിഷണറിയാണ്
നിഘണ്ടു നിർമിച്ചത്.

## നിഘണ്ടു നോക്കുമ്പോൾ

നിഘണ്ടുക്കളുടെ ആമുഖ പേജിൽ അതിൽ ഉപയോഗിച്ചിട്ടുള്ള
അക്ഷരക്രമത്തെപ്പറ്റി ചെറിയൊരു വിവരണമുണ്ടാകും. സ്വരാക്ഷരങ്ങൾ,
വ്യഞ്ജനാക്ഷരങ്ങൾ എന്നീ ക്രമമാണ് മിക്ക മലയാള
നിഘണ്ടുകാരന്മാരും സ്വീകരിച്ചിരിക്കുന്നത്.ഗുണ്ടർട്ടിന്റെ നിഘണ്ടുവിൽ യ,ര,റ
എന്ന ക്രമമാണ് കാണുന്നത്. എന്നാൽ ശബ്ദതാരാവലിയിൽ 'റ' ഏറ്റവും
അവസാനം കൊടുക്കുന്നു. ചില്ലുകൾ, കൂട്ടക്ഷരങ്ങൾ എന്നിവരുടെ കാര്യത്തിലും
വ്യത്യാസം കാണാം. അതിനാൽ നിഘണ്ടു ഉപയോഗിക്കുമ്പോൾ അതിലെ
അക്ഷരക്രമം
മനസ്സിലാക്കാൻ ശ്രദ്ധിക്കണം. അല്ലെങ്കിൽ ചില വാക്കുകൾ കണ്ടുപിടിക്കാൻ

പ്രയാസമുണ്ടാക്കും.

**ഓർമയിലിരിക്കട്ടെ ചില നിഘണ്ടുകൾ**

| | |
|---|---|
| ശബ്ദതാരാവലി | ജി.പത്മനാഭ പിള്ള |
| മലയാള മഹാനിഘണ്ടു | കേരള സർവകലാശാല |
| മലയാള ശൈലി നിഘണ്ടു | ടി.രാമലിംഗ പാള്ള |
| ഇംഗ്ലീഷ്-മലയാളം നിഘണ്ടു | സി.മാധവൻ പിള്ള |
| സംസ്കൃതം-മലയാളം നിഘണ്ടു | കാണിപ്പയ്യൂർ നമ്പൂതി |
| പച്ചമലയാളം നിഘണ്ടു | സുമംഗല |
| ഫോക്‌ലോർ നിഘണ്ടു | സോ.എം.വി വിഷ്ണു |
| മലയാളം തസോറസ് | ഡോ.അയ്യപ്പൻ |
| ആയുർവേദീയ ഓഷി | കേരള സർക്കാർ |
| ഗുണ്ടർട്ട് നിഘണ്ടു | ഡോ. ഹെർമ്മൻ |



ഷഹബാനത്തുൽ മിസ്രിയ
6-D

# TO SLEEP


Saranya.K.N
9-F


A flock of sheep that leisurley pass by
One after one; the sound of rain, and bees
Murmuring; the fall of rivers, winds, and seas,
smooth fields, white sheets of water, and pure sky;


I've thought of all by turns, and still i lie
sleepless; and soon the small birds melodies
Must hear, first utter'd from my orchard trees,
And the first cuckoo's melancholy cry.


Even thus last night, and two nights more i lay,
And could not win thee, sleep, by any stealth:
so do not let me wear to-night away:


whithout thee what is all the morning's wealth?
Come, blessed barrier between day and day,
*Dear mother of fresh thoughts and joyous health.*




Aparna K - 19-11-2016






26/11/2018



# ഡിജി-പെയിന്റിങ്ങ്സ്


NIJLA.T
9F


NIJLA.T
9F


NIJLA.T
9F


Nijla-T


Farha
9F

## കുട്ടിക്കുരുന്നുകളുടെകലാ സൃഷ്ടി



# *Campus Drone*



# ഐടി ലാബ്



**കായികതാരങ്ങൾ**



# അഭിമാന കലാകാരന്മാർ



ശാസ്ത്രമേള വിജയികൾ



ഐ ടി

മേള ഓവറോൾ ചാമ്പ്യൻമാർ

# വെളിച്ചം പകർത്തുന്നവർ



# ഞങ്ങളുടെ സുരക്ഷായാത്ര

